യഥാർത്ഥ സത്യങ്ങൾ, സമ്പൂർണ്ണ ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 15 ലക്കം 8 ആഗസ്റ്റ് 2017 വില 10 രൂപ



JEEVAMOZHIKAL
ജീവമൊഴികൾ
നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ (യോഹ. 6:68)
വാല്യം 15 ആഗസ്റ്റ് 2017 ലക്കം 8

**വാർഷിക വരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | Rs.100/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.700/- |

എം.ഒ./ഡി.ഡി.
അയയ്ക്കേണ്ട വിലാസം

**ജീവമൊഴികൾ**
കുമാരനല്ലൂർ പി.ഒ., കോട്ടയം
കേരള - 686 016.
ഫോൺ 0481- 2391519, 8281027519
e-mail: jeevamozhikal@gmail.com
www.jeevamozhikal.org

**മാസിക സംബന്ധിച്ചും മീറ്റിംഗുകൾ സംബന്ധിച്ചും കൂടുതൽ വിവരങ്ങൾക്ക്:**

| | |
|---|---|
| തിരുവനന്തപുരം | 9496100850 |
| ആലപ്പുഴ | 9447597048 |
| തിരുവല്ല | 9562443142 |
| കോഴഞ്ചേരി | 9446650658 |
| പെരുവ | 9446096355 |
| കൂത്താട്ടുകുളം | 9447820090 |
| കോലഞ്ചേരി | 9446095370 |
| തൃശ്ശൂർ | 9349745575 |
| പാലക്കാട് | 9495228673 |
| കോഴിക്കോട് | 9446646238 |
| നെല്ലിപ്പൊയിൽ | 9495575692 |
| വയനാട് | 9656128665 |


## മൊഴിമുത്തുകൾ

# ദൈവഭയം ഇന്ന് വിലക്കപ്പെട്ട വിഷയം



**ദൈ**വഭയമില്ലെങ്കിൽ പാപത്തിൽ നിന്നുള്ള നിലനില്ക്കുന്ന വിടുതൽ നമുക്ക് അനുഭവിക്കാൻ കഴിയുകയില്ല. എന്നാൽ പലസഭകളിലും ദൈവഭയം ഇന്ന് ഒരു വിലക്കപ്പെട്ട വിഷയമാണ്. ദൈവഭയത്തെക്കുറിച്ച് ഒരു പ്രസംഗം നിങ്ങൾ അവസാനമായി കേട്ടതെന്നാണ്? ഇതിനുള്ള കാരണം ഇതാണ്- ഇന്നു കാണുന്ന 'അനുവാദത്തിന്റെ മനോഭാവം' ദൈവവചനത്തിലും പ്രവേശിച്ചിരിക്കുന്നു. അടുത്തകാലത്തായി പാപത്തെ മറയ്ക്കാനുള്ള ഒരു പദമായി കൃപ മാറിയിട്ടുണ്ട്.

**- ഡേവിഡ് വിൽക്കേഴ്സൺ**

## പരിശുദ്ധാത്മാവിന്റെ നവീകരണം

A **Joyful'toon** by Mike Wat




നാം അവന്റെ കൃപയാൽ നീതീകരിക്കപ്പെട്ടിട്ട്... പുനർജനനസ്നാനം കൊണ്ടും.... പരിശുദ്ധാത്മാവിന്റെ നവീകരണം കൊണ്ടും.... (തീത്തോസ് 3:5,6)

## എഡിറ്റോറിയൽ



# എവിടെയും, ഏതുസാഹചര്യത്തിലും ദൈവത്തെ കാണുക

**"ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും"** (മത്തായി 5:8)

ഗിരിപ്രഭാഷണത്തിൽ യേശു വരച്ചുകാട്ടിയ അഷ്ടഭാഗ്യങ്ങളിൽ ആറാമത്തേതാണിത്. നാം ഇഹലോകത്തിൽ ഹൃദയശുദ്ധിയുള്ളവരായിരുന്നാൽ മാത്രമേ മരണാനന്തരം സ്വർഗ്ഗത്തിൽ ദൈവത്തെ കാണാൻ കഴിയുകയുള്ളു എന്നാണിതിന്റെ അർത്ഥമെന്നു ഈ വചനത്തെപ്പറ്റി ചിന്തിക്കുന്നവരുണ്ടാകാം. പക്ഷേ അതു കേവലം ഉപരിതലസ്പർശിയായ ലളിതമായ ഒരു വ്യാഖ്യാനം മാത്രമാണ്. ആഴത്തിൽ ചിന്തിച്ചാൽ 'ഹൃദയശുദ്ധിയുള്ളവർ ഈ ലോകജീവിതത്തിൽ തന്നെ ദൈനംദിനജീവിതത്തിൽ എവിടെയും ദൈവത്തിന്റെ കരങ്ങളാണു കാണുക' എന്ന ജീവിതത്തെ അതിന്റെ സമഗ്രതയിൽ സ്പർശിക്കുന്ന ഒരു കാഴ്ചപ്പാടിലേക്കാണു നാം എത്തിച്ചേരുന്നത്.

എവിടെയും ഏതു സാഹചര്യത്തിലും ദൈവത്തെ കാണുക- അങ്ങനെയൊരു ജീവിതം സാധ്യമാണോ? സാധ്യമാണെന്നു ദൈവവചനം പറയുന്നു. എങ്കിൽ ആർക്കതിനു കഴിയും? ഉത്തരം: ഹൃദയശുദ്ധിയുള്ളവർക്ക്. ഹൃദയശുദ്ധി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതു പാപരഹിതമായ ഒരു പൂർണ്ണതയല്ല. മറിച്ച് സ്വർണത്തോടു ചേർത്തുപറയുന്ന 'പരിശുദ്ധി' എന്ന വാക്കിന്റെ അർത്ഥത്തോടാണിതിനു ബന്ധം. 'പരിശുദ്ധമായ സ്വർണ്ണം' എന്നു പറഞ്ഞാൽ മറ്റു ലോഹങ്ങളോടു കലർപ്പില്ലാത്ത, കൂടിച്ചേരലില്ലാത്ത സ്വർണ്ണം എന്നാണർത്ഥം. നമ്മുടെ ഹൃദയം ദൈവത്തോടുള്ള ബന്ധത്തിൽ ആ നിലയിലായാൽ ഹൃദയശുദ്ധിയായി.

നമ്മുടെ ഹൃദയശുദ്ധി ഇല്ലാതാക്കുന്ന കലർപ്പുകൾ, കൂടിച്ചേരലുകൾ എന്തെല്ലാമാണ്? കർത്താവിനെ രക്ഷകനായി സ്വീകരിച്ച, വിശ്വാസിയായ ഒരുവന്റെ ഹൃദയത്തിലും പലപ്പോഴും ഈ ലോകത്തിനും അതു നൽകുന്ന മൂല്യബോധത്തിനും സ്ഥാനമുണ്ടെന്നു കാണാം. ഈ ലോകത്തിന്റെ കാഴ്ചപ്പാടും മൂല്യബോധവും പൊതുവിൽ സ്വയത്തിൽ (self) ഊന്നിയതാണ്. 'അർഹതയുള്ളതിന്റെ അതിജീവനം' (survival of the fittest) എന്ന തത്ത്വമാണ് ഈ ലോകത്തെ ഭരിക്കുന്നത്. മറ്റുള്ളവയോടു പോരാടി ജയിച്ച് സ്വന്തം കരുത്തുതെളിയിച്ചാണ് മനുഷ്യനുൾപ്പെടെയുള്ള ജീവജാലങ്ങളുടെ ഈ ലോകത്തിലെ നിലനില്പ്. അതുകൊണ്ടു തന്നെ 'മത്സരവും അതിജീവനവും' എന്നതാണ് ഈ ലോകത്തിലെ സാധാരണ മനുഷ്യന്റെ മുദ്രാവാക്യം. സ്വയത്തിലാണ് ഇതിന്റെ വേരുകൾ സ്ഥിതിചെയ്യുന്നത്. വിശ്വാസിയായ ഒരുവനും ലോകത്തെ ഭരിക്കുന്ന, നിയന്ത്രിക്കുന്ന, മത്സരത്തിന്റെ, സ്വയത്തിൽ ഊന്നിയുള്ള കാഴ്ചപ്പാടിൽ

നിന്നും തീർത്തും മാറിനിൽക്കുക എളുപ്പമല്ല. ലോകമൂല്യങ്ങളുടെ ഈ സ്വാധീനം ഹൃദയശുദ്ധിയിൽ വരുന്ന കലർപ്പും കൂടിച്ചേരലുമാണ്. ഇങ്ങനെവന്നാൽ എവിടെയും ഏതു സാഹചര്യത്തിലും ദൈവത്തെകാണുവാൻ കഴിയാതെ വരും. ഇവർ ദൈവിക കാഴ്ചപ്പാടിൽ ഹൃദയശുദ്ധിയുള്ളവരല്ല.

എന്നാൽ ഹൃദയത്തോടു ബന്ധപ്പെട്ട തന്റെ അവസ്ഥ സങ്കീർത്തനക്കാരനായ ആസാഫ് പറയുന്നതു ശ്രദ്ധിക്കുക: 'നിന്നെയല്ലാതെ ഞാൻ ഒന്നും ആഗ്രഹിക്കുന്നില്ല' (73:25). സങ്കീർത്തനക്കാരനായ ദാവീദ് പറയുന്നു:'എന്റെ ആത്മാവു നിശ്ശബ്ദമായി ദൈവത്തെ മാത്രം കാത്തിരിക്കുന്നു' (62:1). കോരഹ് പുത്രന്മാർ തങ്ങളുടെ ഹൃദയാവസ്ഥ വിശദീകരിക്കുന്നു: 'എന്റെ ആത്മാവു ദൈവത്തിനായി, ജീവനുള്ള ദൈവത്തിനായി തന്നേ ദാഹിക്കുന്നു' (42:2)

ദൈവത്തെ മാത്രം ആഗ്രഹിക്കുന്ന, കാത്തിരിക്കുന്ന, ദൈവത്തിനായി മാത്രം ദാഹിക്കുന്ന ഹൃദയങ്ങൾ. അതുകൊണ്ടുതന്നെ അവർ തങ്ങൾ കടന്നുപോകുന്ന ജീവിത സാഹചര്യങ്ങളിൽ ദൈവത്തെമാത്രമാണു കാണുന്നത്. ഉദാഹരണത്തിനു മുകളിൽ പറഞ്ഞ ഓരോ സങ്കീർത്തനവും ശ്രദ്ധിക്കുക. 73-ാം സങ്കീർത്തനത്തിൽ ആസാഫ് ദുഷ്ടന്മാരായ ആളുകൾ സുഖത്തോടെ ജീവിക്കുന്നതും അതേസമയം നീതിമാനായ താൻ കഷ്ടം അനുഭവിക്കുന്നതുമായ, സ്വാഭാവികമായി വിശദീകരിക്കാൻ പ്രയാസമുള്ള, ജീവിതാവസ്ഥയാണു സങ്കീർത്തനത്തിൽ ആദ്യം വരച്ചുകാട്ടുന്നത്. ഇയ്യോബിന്റേതിനു സമാനമായ സാഹചര്യം. പക്ഷേ ഇവിടെയും ആസാഫ് ദൈവത്തെയാണു കാണുന്നത്-'സ്വർഗ്ഗത്തിൽ എനിക്ക് ആരുള്ളു? ഭൂമിയിലും നിന്നെയല്ലാതെ ഞാൻ ഒന്നും ആഗ്രഹിക്കുന്നില്ല' (73:25). നാം സ്വർഗ്ഗത്തിൽ ചെന്നാൽ അവിടെ ദൈവം മാത്രമേയുള്ളു. എന്നാൽ ഭൂമിയിലോ? ഭൂമിയിൽ നമുക്കു മറ്റുപലതും ഉണ്ട്. എന്നാൽ ആസാഫിനെ സംബന്ധിച്ചിടത്തോളം അവൻ 'ഭൂമിയിലും ദൈവത്തെയല്ലാതെ ഒന്നും ആഗ്രഹിക്കുന്നില്ല.' എത്രശുദ്ധഹൃദയം!

62-ാം സങ്കീർത്തനത്തിൽ ദാവീദ് മനുഷ്യരിൽ നിന്നുള്ള വലിയഭീഷണിയുടേയും പീഡനത്തിന്റേയും മദ്ധ്യത്തിലാണ് ആയിരിക്കുന്നത്. ചുറ്റുമുള്ളവർ 'ചാഞ്ഞ മതിലും ആടുന്ന വേലിയും പോലെ കൊല്ലാനായി ആക്രമിക്കുമെന്നു ഭീഷണിപ്പെടുത്തുകയും ഉള്ളംകൊണ്ടു ശപിക്കുകയും ചെയ്യുന്ന' വരാണ്. (62:3,4) എന്നാൽ ഭീഷണിയുടേയും ശാപത്തിന്റെയും വാക്കുകളല്ല ദാവീദ് അവിടെ കേൾക്കുന്നത്. മറിച്ച് 'ബലം ദൈവത്തിനുള്ളതെന്നു' ദൈവം ഒരിക്കൽ അരുളിച്ചെയ്തതാണ് തന്റെ സാഹചര്യത്തിൽ ദാവീദ് രണ്ടുവട്ടം കേൾക്കുന്നത് (62:11). തുടർന്ന് തന്റെ ജീവിത പശ്ചാത്തലത്തിൽ നിന്നുകൊണ്ടു 'ദയയും ദൈവത്തിനുള്ളതെ'ന്നു കണ്ടെത്തുകയും ചെയ്യുന്നു (62:12). 'എന്റെ ഹൃദ

*(ശേഷം പേജ് 39 ൽ)*

സന്ദേശം

# നീ ആയിരിക്കുന്നിടത്ത് ദൈവത്തിന്റെ കരത്തെ കാണുക

**എഫ്.ബി. മേയർ**

"**യോസേഫ്** ഫലപ്രദമായൊരു വൃക്ഷം, നീരുറവിനരികെ ഫലപ്രദമായൊരു വൃക്ഷം തന്നെ; അതിന്റെ കൊമ്പുകൾ മതിലിന്മേൽ പടരുന്നു." യോസേഫിന്റെ ജീവിതത്തെക്കുറിച്ച് എത്ര സത്യവും മനോഹരവുമായ ഒരു സാദൃശ്യം. (ഉൽപത്തി. 49:22-26 നോക്കുക).

ഇതാ വരണ്ട ഒരു മരുപ്രദേശം. ഒരു പച്ചിലയ്ക്കുപോലും പ്രതീക്ഷയില്ല. പക്ഷേ ഫലങ്ങളോ? അതേ, തളിർത്ത ഇലകളും, തിങ്ങിനിറഞ്ഞു നിൽക്കുന്ന ശിഖരങ്ങളും സമൃദ്ധമായ ഫലങ്ങളും. ഇവിടെയിതാ അവ്വണ്ണം ഒരു വൃക്ഷം പടർന്നു പന്തലിച്ചു നിൽക്കുന്നു. എന്താണതിന്റെ



*തളിർത്ത ഇലകളും, തിങ്ങിനിറഞ്ഞു നിൽക്കുന്ന ശിഖരങ്ങളും സമൃദ്ധമായ ഫലങ്ങളും. ഇവിടെയിതാ അവ്വണ്ണം ഒരു വൃക്ഷം പടർന്നു പന്തലിച്ചുനിൽക്കുന്നു. എന്താണതിന്റെ രഹസ്യം?*

> ആത്മാവിൽ എരിവുള്ളവർ എത്രയോ വിരളം! കണക്കു പുസ്തകങ്ങൾക്കു സമയമുണ്ട്, തിരുവചനത്തിനു സമയമില്ല. പൊതുകാര്യങ്ങൾക്കു സാമൂഹിക കാര്യങ്ങൾക്കും സമയമുണ്ട്, പ്രാർത്ഥനയ്ക്കു സമയമില്ല. അവരുടെ ആത്മാവിൽനിന്നും നവ്യതയും, സൗന്ദര്യവും മാറിപ്പോയിരിക്കുന്നു, കണ്ണിൽനിന്നു പ്രകാശവും. ജീവിതത്തിന്റെ ചുറ്റും ഇരുൾ പരന്നിരിക്കുന്നു. അവർ ക്ഷീണിതരും, അസ്വസ്ഥരും അസംതൃപ്തരുമായി കാണപ്പെടുന്നു.

രഹസ്യം? ആഴങ്ങളുടെ ഉറവകളിലേക്ക് ഇറങ്ങിപ്പോയിരിക്കുന്ന വേരുകൾ, അത്യുഷ്ണത്തെ അതിജീവിക്കുമാറ്, അതിന്റെ തണ്ടുകളിലേക്ക് ജലാംശത്തെ വലിച്ചെടുത്തുകൊണ്ടിരിക്കുന്നു.

യോസേഫിന്റെ ജീവിതത്തിന്റെ യഥാർത്ഥ ചിത്രമാണിത്. ആത്മികമായിപ്പറഞ്ഞാൽ യോസേഫിന്റെ ജീവിതം ചെലവഴിക്കപ്പെട്ടത് ദാഹിച്ചു വരണ്ട ഒരു ദേശത്തായിരുന്നു. തന്റെ ആത്മികജീവിതത്തെ പരിപോഷിപ്പിക്കത്തക്കതായി അധികമൊന്നും മിസ്രയീമിൽ ഇല്ലായിരുന്നുവെങ്കിൽപ്പോലും, ജീവിതാന്ത്യം വരെ അവൻ ഫലംകായ്ച്ചു-സ്നേഹവും, സന്തോഷവും, സമാധാനവും, ദീർഘക്ഷമയും, സൗമ്യതയും, സൽഗുണവും, ഇന്ദ്രിയജയവും അവനിൽ ഉണ്ടായിരിക്കുകയും കവിഞ്ഞു വരികയും ചെയ്തിരുന്നു.

നിശ്ചയമായും അവന്റെ കൊട്ടാരത്തിൽ വേർതിരിക്കപ്പെട്ട ഒരു മുറി അവനുണ്ടായിരുന്നിരിക്കണം; തന്റെ പിതാക്കന്മാരുടെ ദൈവത്തോടു സംസർഗ്ഗത്തിലായിരിക്കുന്ന മണിക്കൂറുകൾ അവിടെ അവന്റെ ദൈനംദിന ജീവിതത്തിന്റെ ഭാഗമായിരുന്നിരിക്കണം.

ഇപ്രകാരം ആത്മാവിൽ എരിവുള്ളവർ എത്രയോ വിരളം! കണക്കു പുസ്തകങ്ങൾക്കു സമയമുണ്ട്, തിരുവചനത്തിനു സമയമില്ല. പൊതുകാര്യങ്ങൾക്കു സാമൂഹിക കാര്യങ്ങൾക്കും സമയമുണ്ട്, പ്രാർത്ഥനയ്ക്കു സമയമില്ല. അവരുടെ ആത്മാവിൽനിന്നും നവ്യതയും, സൗന്ദര്യവും മാറിപ്പോയിരിക്കുന്നു, കണ്ണിൽനിന്നു പ്രകാശവും. ജീവിതത്തിന്റെ ചുറ്റും ഇരുൾ പരന്നിരിക്കുന്നു. അവർ ക്ഷീണിതരും, അസ്വസ്ഥരും അസംതൃപ്തരുമായിക്കാണപ്പെടുന്നു.

ഫലപൂർണ്ണത, മാനുഷികശ്രമഫലമല്ല. ഉറവകളിലേക്ക് നമ്മുടെ വേരുകൾ അയയ്ക്കുന്നതിന്റെ പരിണതഫലമാണിത്. വേറിട്ടിരിക്കുന്ന പ്രാർത്ഥനാസമയവും തിരുവചനധ്യാനത്തിന്റെ പ്രമോദവും അനിവാര്യമാണ്. അങ്ങനെയെന്നാൽ ആ ഉത്സാഹത്തിന്റെ തീനാളം ഹൃദയത്തിൽ കെട്ടുപോകുകയില്ല. ഇല വാടുകയും കൊഴിയുകയുമില്ല. തക്ക കാലത്തൊക്കെയും ഫലം പുറപ്പെടുവിക്കാതിരിക്കുകയുമില്ല. ജോലിത്തിരക്കിനിടയിലും, ആത്മാവിന്റെ എരിവ് സാദ്ധ്യമല്ലെന്നു കരുതാതിരിക്കുക. യോസഫിന് അത് അസാദ്ധ്യമായിരുന്നില്ല. തിരുവചനങ്ങളുടെ ലളിതപ്രമാണങ്ങളെ ആചരിക്കുന്ന ആർക്കും അത് അസാദ്ധ്യമായിരിക്കുകയില്ല. ഒരു വിളക്കു കത്തിച്ചാൽ മാത്രം പോരാ; ജ്വലിച്ചുനിൽക്കത്തക്കവണ്ണം അതിനുള്ള ഇന്ധനവും നൽകേണ്ടതുണ്ട്.

എന്നാൽ എന്റെ എത്ര വായനക്കാർ വേറിട്ടുള്ള സമയങ്ങളുടെ പ്രാധാന്യം ഗ്രഹിച്ചിട്ടുണ്ട്? അതിൽ തുടരുന്നുണ്ട്? എത്രപേർ തങ്ങളുടെ ആത്മാവിലെ വിളക്കിനെ അണച്ചുകളഞ്ഞിട്ടുണ്ട്? ദൈവവചനത്തിന്റെ കിണർ ഇതാ അടുത്തുതന്നെയുണ്ട്. അതിനടുത്തേക്കു ചെല്ലുകയും, നിരന്തരം അതിൽനിന്നും കോരിക്കുടിക്കുകയും ചെയ്യുന്ന പതിവ് ഒരു പ്രിയമായിത്തീരട്ടെ. നിന്റെ ഉത്സാഹത്തെയും ശക്തിയെയും ചോർത്തുന്ന സ്വാധീനങ്ങളെ ഇവ്വണ്ണം നിനക്കു ചെറുക്കുവാൻ കഴിയും.

കർത്താവിനെപ്പോലെ നാമും ഈ ലോകത്തിലായിരിക്കേണ്ടതാകുന്നു. കൃപാസനത്തിങ്കലേക്കുള്ള പ്രവേശനവും, പ്രാർത്ഥനയുടെ ശക്തിയും തന്നെപ്പോലെ നമുക്കും അനിവാര്യമാണ്. എങ്കിൽ മാത്രമേ, കർത്താവിന്റെ സന്തോഷവും, സമാധാനവും, ബലവും നമ്മുടേതായിത്തീരുകയുള്ളു. എങ്കിൽ മാത്രമേ, അവിടുത്തെ ശരീരത്തിന്റെ ഒരു പ്രവർത്തിക്കുന്ന അവയവമായിത്തീരുകയുള്ളു. പിതാവിന്റെ രഹസ്യങ്ങൾ പങ്കുവയ്ക്കപ്പെടുന്ന സ്നേഹിതന്മാരാകുകയുള്ളു. ദൈവത്തിന്റെ നിറവോളം നിറഞ്ഞുവരികയുള്ളു.

എന്നാൽ ഈ അനുഗ്രഹനിറവ് കർത്താവിനായി സമസ്തവും സമർപ്പിച്ച ഒരുവനുള്ളതാണ്. യോസേഫ് സഹോദരന്മാരിൽനിന്നും വേർതിരിക്കപ്പെട്ടവനായിരുന്നു (ഉൽപ. 49:26–മൂലഭാഷ). അവന്റെ മനോഭാവം, ജീവിതത്തിന്റെ ലക്ഷ്യം, പ്രകൃതം എന്നിവ വ്യത്യസ്തമായിരുന്നു. ഹൃദയത്തിന്റെ അഭിലാഷങ്ങളും പ്രമോദവും തീർത്തും വിഭിന്നമായിരുന്നു. ഇവ്വണ്ണം നമുക്കും വ്യത്യസ്തരായിരിപ്പാൻ കഴിയുമോ? ദൈവത്തിന്റെ

**അത്യുത്തമമായതിനായി നമ്മുടെ ഇച്ഛയെ വേർതിരിച്ചു കഴിയുമ്പോൾ ആ ലക്ഷ്യത്തിനായി അർപ്പിക്കുവാനും വളരെ ഉണ്ടായിരിക്കും. സ്വർഗ്ഗീയമായവയുടെ ഉൾക്കാഴ്ചയും അതിനോടുള്ള ആഭിമുഖ്യവും നമുക്കു വർദ്ധിച്ചുവരും. അവ നമ്മുടെ ദൃഷ്ടിയിൽ നിറഞ്ഞു വരികയും, സത്യവും യഥാർത്ഥവുമായിത്തീരുകയും, അത്യന്തം വിലപ്പെട്ടതും അഭികാമ്യവുമായിത്തീരുകയും ചെയ്യും. അവ അന്തരംഗത്തിന്റെ തുടിപ്പും ആനന്ദവും ജീവിതത്തിന്റെ ഉദ്വേഗവും ആയിത്തീരും.**

ഹിതം എന്നുള്ളത് നമ്മുടെ ജീവിതത്തിന്റെ പരമോന്നത ലക്ഷ്യമായിത്തീരുവാൻ കഴിയുമോ? ഈ അത്യുത്തമമായതിനായി നമ്മുടെ ഇച്ഛയെ വേർതിരിച്ചുകഴിയുമ്പോൾ ആ ലക്ഷ്യത്തിനായി അർപ്പിക്കുവാനും വളരെ ഉണ്ടായിരിക്കും. സ്വർഗ്ഗീയമായവയുടെ ഉൾക്കാഴ്ചയും അതിനോടുള്ള ആഭിമുഖ്യവും നമുക്കു വർദ്ധിച്ചുവരും. അവ നമ്മുടെ ദൃഷ്ടിയിൽ നിറഞ്ഞു വരികയും, സത്യവും യഥാർത്ഥവുമായിത്തീരുകയും, അത്യന്തം വിലപ്പെട്ടതും അഭികാമ്യവുമായിത്തീരുകയും ചെയ്യും. അവ അന്തരംഗത്തിന്റെ തുടിപ്പും ആനന്ദവും ജീവിതത്തിന്റെ ഉദ്വേഗവും ആയിത്തീരും. തൽഫലമായി സകല മിഥ്യയുടെയും ആകർഷണങ്ങളിൽ നിന്നുമുള്ള ആഴമായ വേർപാടിലേക്ക് അവ നമ്മെ നയിക്കുകയും ചെയ്യും.

നിനക്കു നൽകാവുന്ന ഏറ്റവും ഉത്തമമായത് അവനു നൽകുക. നീ കയറി ച്ചെല്ലുന്ന ഓരോ മുറിയും അവന്റെ ആലയത്തിലെ മുറി കളാണ്. നീ സ്പർശിക്കുന്ന ഓരോ പാത്രവും അന്ത്യ അത്താഴത്തിന്റെ പാത്രത്തിനു തുല്യമാണ്. ആ വിലയേറിയ തൈലപാത്രം ഉടയ്ക്കുമ്പോൾ അവൻ എത്ര ശ്രദ്ധയോടെ ഇരുന്നുവോ അവ്വണ്ണം തന്നെ നീ ചെയ്യുന്ന ഓരോ പ്രവൃ ത്തിയും അവൻ വീക്ഷിക്കു ന്നു. നിന്റെ ജീവിതത്തിന്റെ ഓരോ ശകലങ്ങളിലും 'യേശുക്രിസ്തുവിന്റെ ഓർമ്മ യ്ക്കായി അർപ്പിക്കപ്പെട്ടത്' എന്നു രേഖപ്പെടുത്തുക.

"നിങ്ങൾ അല്ല, ദൈവം അത്രേ എന്നെ ഇവിടേക്ക് അയച്ചത്, മിസ്രയീം ദേശത്തിനൊക്കെയും അവൻ എന്നെ അധിപതിയാക്കിയിരി ക്കുന്നു." തന്നെ അയച്ചതും ആക്കി യതും ഏല്പിച്ചതും ദൈവം തന്നെ യെന്ന് അറിഞ്ഞ് എല്ലാറ്റിലും അവ നോടു കണക്കു തീർക്കേണ്ടവനായി യോസേഫ് ജീവിച്ചു. നമ്മുടെ ഭൗതിക ജീവിതവും ആത്മിക ജീവിതവും ഒന്നായി ബന്ധിപ്പിക്കുന്ന ഒരു പ്രമാണം നമുക്കനിവാര്യമാണ്. ഒട്ടുമി ക്കവരും സാധാരണ ദിനങ്ങളിൽ ഒരു പ്രകാരവും, ഞായറാഴ്ച വസ്ത്ര ത്തോടുകൂടി മറ്റൊരു പ്രകാരവും ജീവി ക്കുന്നവരാണ്. നമ്മുടെ ജീവിതത്തെ ഏകോപിപ്പിക്കുന്ന ആ അനുഗ്രഹിക്ക പ്പെട്ട നിയമം ഏത്? ആ നല്ല ശതാധി പൻ അനുശാസിച്ച പ്രമാണമല്ലാതെ മറ്റൊന്നെനിക്കറിയില്ല-'അധികാര ത്തിനു കീഴിലുള്ള മനുഷ്യൻ'. മണി ക്കൂറുതോറും നമുക്കു യഥാർത്ഥമായി ത്തീരേണ്ട കാര്യമാണത്-ഓരോ പുരു ഷനും, ഓരോ സ്ത്രീയും യേശുക്രി സ്തുവിന്റെ അധികാരത്തിനു കീഴിലാ ണെന്ന കാര്യം, രക്ഷകനോട് എല്ലാ റ്റിലുമുള്ള അനുസരണം, ജീവി തത്തെ ആകമാനം സമന്വയിപ്പിക്കു കയും ലളിതമാക്കുകയും ചെയ്യും. തന്റെ കാലത്തെ ആ ദരിദ്രരായ അടി മകൾക്ക്, അപ്പൊസ്തലൻ മഹത്വ പൂർണ്ണമായ മാന്യത നൽകി. അവരെ 'ക്രിസ്തുവിന്റെ ദാസന്മാർ' എന്നു സംബോധന ചെയ്തു. തങ്ങൾ ചെയ്യു ന്നതെന്തും, 'മനുഷ്യർക്കെന്നവണ്ണമല്ല, കർത്താവിനെന്നവണ്ണം, ഹൃദയ ത്തിന്റെ ഏകാഗ്രതയോടെ ചെയ്‌വിൻ' എന്ന് പ്രബോധിപ്പിച്ചു. എത്ര മാന്യത കുറഞ്ഞ പ്രവൃത്തിയാണു നീ ചെയ്യു ന്നതെങ്കിലും, വീണ്ടും വീണ്ടും നിന്റെ ഹൃദയത്തിൽ ഇവ്വണ്ണം മന്ത്രിക്കുക, "കൃപാലുവായ കർത്താവേ, ഇതു നിനക്കുവേണ്ടിയാണ്. എല്ലാം നിന ക്കായിത്തന്നെ" എല്ലാം നിന്റെ പ്രിയ കർത്താവിനായി ചെയ്തുകൊണ്ടേ ഇരിക്കുക. അപ്പോൾ തിടുക്കത്തോടെ എങ്ങനെയെങ്കിലും ചെയ്തു തീർക്കുന്ന കാര്യങ്ങളുടെമേൽ വളരെ ശ്രദ്ധയും നിയന്ത്രണവും നാം പ്രദർശി പ്പിക്കും.

ലോകത്തിൽ അവിശ്വസ്തരായ അനേകം വേലക്കാരുണ്ട്. അവരെ ശാസിക്കുന്ന പക്ഷം മറുപടി ഇപ്രകാ രമായിരിക്കും. "എന്റെ കൂലി വളരെ തുച്ഛമാണ്;, 'എന്റെ യജമാനത്തിക്ക് എന്നെക്കുറിച്ച് ഒരു കരുതലുമില്ല', 'ഒര ടിമയെപ്പോലെ എന്നെ പരിഗണിക്കു ന്നു.' 'ഇവിടെ നിന്നും പോകനുള്ള ആദ്യത്തെ അവസരം പാർത്തു ഞാനിരിക്കുന്നു.' നിർത്തുക. നീയി പ്പോൾ ആയിരിക്കുന്നിടത്ത് ആർ

ഇത്തിരിവെട്ടം

# വാതിൽ ഇടക്കവും വഴി ഞെരുക്കവും

*കഴിഞ്ഞ ലക്കം തുടർച്ച..*

**ക**ള്ളപ്രവാചകന്മാരെ അവരുടെ ഫലങ്ങളാൽ നമുക്കു തിരിച്ചറിയുവാൻ കഴിയും. എന്നുവച്ചാൽ ക്രിസ്തുവിന്റെ ആത്മാവോ സ്വഭാവമോ അവരിൽ കാണുകയില്ല. അവരുടെ ഉപദേശം ശരിയായിരിക്കാം. തികച്ചും ശരിയായ ഉപദേശമാകുന്ന ആട്ടിൻതോൽ കണ്ടു നാം വഞ്ചിതരാകരുത്. അകമേ അവർ കടിച്ചുകീറുന്ന ചെന്നായ്ക്കളായിരിക്കും. ആന്തരിക സ്വഭാവം കൊണ്ടാണ് അവരെ നാം വേർതിരിച്ചു മനസ്സിലാക്കേണ്ടത്. ധനികനായ യുവാവ് ഒരു കള്ളപ്രവാചകന്റെ അടുക്കൽ വന്നിരുന്നുവെങ്കിൽ അയാളുടെ സമ്പത്തു മുഴുവൻ വിറ്റു ദരിദ്രർക്കു കൊടുക്കുവാൻ ആ പ്രവാചകൻ പറയുമായിരുന്നില്ല. കള്ളപ്രവാചകൻ അയാളെ നേരെതന്നെ സ്വർഗ്ഗരാജ്യത്തിലേക്കു പ്രവേശിപ്പിക്കുകയും അയാളുടെ പക്കൽനിന്ന് അപ്പോഴപ്പോൾ പാരിതോഷികങ്ങളോ സംഭാവനകളോ സ്വീകരിക്കുകയും ചെയ്യുമായിരുന്നു. ഈ വിധത്തിലുള്ള വഞ്ചനയാണ് ഇന്നു സുവിശേഷവിഹിത ഗോളത്തിൽ നടന്നുകൊണ്ടിരിക്കുന്ന

---

നിന്നെ ആക്കി? കർത്താവിന് അതിൽ എന്തെങ്കിലും ലക്ഷ്യമോ പങ്കോ ഉണ്ടായിരുന്നോ? നിന്നെ അവൻ മറ്റൊരിടത്തേക്കു വിളിക്കുന്നുവെന്നുള്ള ഉറപ്പോടെയാണോ നീ അവിടം വിട്ട് മറ്റൊരിടം അന്വേഷിക്കുന്നത്? നിന്റെ സേവനത്തെക്കുറിച്ച് ഞാൻ ചോദിക്കട്ടെ. നീ എന്തിനാണ് സേവിക്കുന്നത്? ഒരുത്തമ സേവന വ്യവസ്ഥയ്ക്കോ? തീർത്തും അല്ല, കർത്താവിനായിത്തന്നെ. അങ്ങനെയെങ്കിൽ നിനക്കു നൽകാവുന്ന ഏറ്റവും ഉത്തമമായത് അവനു നൽകുക. നീ കയറിച്ചെല്ലുന്ന ഓരോ മുറിയും അവന്റെ ആലയത്തിലെ മുറികളാണ്. നീ സ്പർശിക്കുന്ന ഓരോ പാത്രവും അന്ത്യഅത്താഴത്തിന്റെ പാത്രത്തിനു തുല്യമാണ്. ആ വിലയേറിയ തൈലപാത്രം ഉടയ്ക്കുമ്പോൾ അവൻ എത്ര ശ്രദ്ധയോടെ ഇരുന്നുവോ അവ്വണ്ണം തന്നെ നീ ചെയ്യുന്ന ഓരോ പ്രവൃത്തിയും അവൻ വീക്ഷിക്കുന്നു. നിന്റെ ജീവിതത്തിന്റെ ഓരോ ശകലങ്ങളിലും 'യേശുക്രിസ്തുവിന്റെ ഓർമ്മയ്ക്കായി അർപ്പിക്കപ്പെട്ടത്' എന്നു രേഖപ്പെടുത്തുക. ഇതു ജീവിതത്തിനാകമാനം ഒരു പുതിയ അർത്ഥം നൽകും. യേശു നിന്റെ കർത്താവും തലയുമെങ്കിൽ ജീവിതം ആസകലം ഏകീഭവിച്ച് ദൈവിക ലക്ഷ്യത്തിലെത്തിച്ചേരും.

❖

> 'കർത്താവേ, കർത്താവേ' എന്ന സംബോധന ശരിയായ ഉപദേശത്തെ കുറിക്കുന്നു എന്നു പറയാം. ഉപദേശമല്ല, അനുസരണമാണു സ്വർഗ്ഗരാജ്യത്തിലേക്കു പ്രവേശിക്കുവാനുള്ള മാർഗ്ഗം. ഇതു കേൾക്കുമ്പോൾ നിങ്ങൾ പറഞ്ഞേക്കാം: "പക്ഷേ, രക്ഷ പ്രാപിക്കുവാനുള്ള മാർഗ്ഗം വിശ്വാസമാണെന്നാണല്ലോ ഞാൻ ധരിച്ചിട്ടുള്ളത്"എന്ന്. ശരി തന്നെ. വിശ്വാസത്താലാണു നാം രക്ഷിക്കപ്പെടുന്നത്. എന്നാൽ ജീവനുള്ള ഒരു വിശ്വാസമേ നമുക്കു രക്ഷ നൽകുകയുള്ളു.

ത്. നേരെ മറിച്ച് മത്തായി 5,6,7 എന്നീ അധ്യായങ്ങളിലുള്ള ഉപദേശങ്ങൾ നാം പ്രാവർത്തികമാക്കുന്നപക്ഷം റോമർ 6:23-ൽ പറയുന്നതുപോലെ നാം പാപത്തിൽനിന്നു സ്വാതന്ത്ര്യം പ്രാപിച്ചു ദൈവത്തിനു ദാസന്മാരായിത്തീരും. അതിന്റെ ഫലം വിശുദ്ധീകരണവും അന്തം നിത്യജീവനുമാണ്. കള്ളപ്രവാചകന്മാരാൽ വഞ്ചിതരാകാതെ ഗിരിപ്രഭാഷണത്തിൽ വിവരിച്ചിട്ടുള്ള ശിഷ്യത്വത്തിന്റെ ഇടുങ്ങിയ വഴിയിലൂടെത്തന്നെ നമുക്കു മുമ്പോട്ടുപോകാം.

"എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്നവൻ ഏവനുമല്ല. സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്. കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കുകയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോട് "ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരെ എന്നെ വിട്ടു പോകുവിൻ എന്നു തീർത്തു പറയും. ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടുപണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു. നദികൾ പൊങ്ങി. കാറ്റ് അടിച്ചു ആ വീടിന്മേൽ അലച്ചു; അതു പാറമേൽ അടിസ്ഥാനമുള്ളതാകയാൽ വീണില്ല. എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യാത്തവൻ ഒക്കെയും മണലിന്മേൽ വീടു പണിത മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു. നദികൾ പൊങ്ങി, കാറ്റ് അടിച്ചു. ആ വീടിന്മേൽ അലച്ചു. അതു വീണു; അതിന്റെ വീഴ്ച വലിയതായിരുന്നു." (മത്തായി. 7:21-27)

ഗിരിപ്രഭാഷണത്തിന്റെ സമാപനഭാഗത്തിലെ രണ്ടാമത്തെ പകുതിയാണ് ഈ വാക്യങ്ങൾ. നേരത്തെ നാം ചിന്തിച്ച ആദ്യത്തെ പകുതിഭാഗത്തു രണ്ടു വാതിലുകളെയും രണ്ടു വഴികളെയും പറ്റി നാം മനസ്സിലാക്കി. ശിഷ്യത്വത്തിന്റെ ഇടുങ്ങിയ വാതിലിലൂടെയും ഞെരുക്കമുള്ള വഴിയിലൂടെയുമാണ് നാം പോകേണ്ടതെന്നും നാം കണ്ടു. അതുകൂടാതെ നല്ലതും തീയതുമായ ഫലങ്ങൾ കായ്ക്കുന്ന രണ്ടുതരം വൃക്ഷങ്ങൾ തമ്മിലുള്ള യഥാർത്ഥവും അടിസ്ഥാനപരവു

മായ വ്യത്യാസവും നാം മനസ്സിലാക്കി. ദൈവം തന്റെ പരിശുദ്ധാത്മാവുമുഖേന നമ്മിൽ വളർത്തിക്കൊണ്ടുവരുന്ന ദിവ്യസ്വഭാവമാണു നല്ല വൃക്ഷം. അതിന്റെ ഫലം വിശുദ്ധീകരണവും അന്തം നിത്യജീവനുമാണെന്നും അവിടെ വ്യക്തമാക്കിയിരിക്കുന്നു.

അതിനുശേഷമുള്ള ഏഴു വാക്യങ്ങളാണു മുകളിൽ ഉദ്ധരിച്ചിട്ടുള്ളത്. ഇവിടെ അനുസരണത്തെപ്പറ്റിയാണ് കർത്താവ് പഠിപ്പിക്കുന്നത്. വാക്യം 21 നോക്കുക. “എന്നോടു... കടക്കുന്നത്” കർത്താവിന്റെ ഈ പ്രസ്താവന സംശയത്തിന് ഇടമില്ലാതവണ്ണം വ്യക്തമാണ്. യേശുവിനെ ‘കർത്താവേ, കർത്താവേ’ എന്നു വിളിക്കുന്നതല്ല സ്വർഗ്ഗരാജ്യത്തിലേക്കു പ്രവേശിക്കുവാൻ നമ്മെ അർഹരാക്കുന്നത്. ‘കർത്താവേ, കർത്താവേ’ എന്ന സംബോധന ശരിയായ ഉപദേശത്തെ കുറിക്കുന്നു എന്നു പറയാം. ഉപദേശമല്ല, അനുസരണമാണു സ്വർഗ്ഗരാജ്യത്തിലേക്കു പ്രവേശിക്കുവാനുള്ള മാർഗ്ഗം. ഇതുകേൾക്കുമ്പോൾ നിങ്ങൾ പറഞ്ഞേക്കാം: “പക്ഷേ, രക്ഷ പ്രാപിക്കുവാനുള്ള മാർഗ്ഗം വിശ്വാസമാണെന്നാണല്ലോ ഞാൻ ധരിച്ചിട്ടുള്ളത്”എന്ന്. ശരി തന്നെ. വിശ്വാസത്താലാണു നാം രക്ഷിക്കപ്പെടുന്നത്. എന്നാൽ ജീവനുള്ള ഒരു വിശ്വാസമേ നമുക്കു രക്ഷ നൽകുകയുള്ളു. നിർജ്ജീവമായ അഥവാ ചത്ത വിശ്വാസം ഒരു നാളും രക്ഷയ്ക്ക് ആധാരമാവുകയില്ല. അതു പൂർണ്ണമായും ഫലശൂന്യമാണ്. ഈ രണ്ടു തരം വിശ്വാസങ്ങൾ തമ്മിലുള്ള അന്തരം വ്യക്തമാക്കുവാൻ യാക്കോബ് തന്റെ ലേഖനത്തിൽ ഉറ്റു ശ്രമിച്ചിട്ടുള്ളതു

> “നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിച്ചു. ഭൂതങ്ങളെ പുറത്താക്കി. വളരെ വീര്യപ്രവൃത്തികൾ ചെയ്തു” എന്നാണ് അവർ പറയുന്നത്. യേശു തിരിഞ്ഞ് അവരോട്:“ഇല്ല, നിങ്ങൾ കള്ളമാണ് പറയുന്നത്. ഇതൊന്നും നിങ്ങൾ ചെയ്തിട്ടില്ല” എന്നു പറയുന്നുണ്ടോ? ഇല്ല തന്നെ. ഇത്രയൊക്കെ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ഒരാൾ ഇന്നു നമ്മുടെ അടുക്കൽ വന്നാൽ അയാളൊരു കള്ളപ്രവാചകനാണെന്നു നാം സംശയിക്കുമോ? ഒരിക്കലുമില്ല.

നാം കാണുന്നുണ്ട്.

ഈ കാര്യം മത്തായി 7:21-ൽ കർത്താവ് ഏറ്റവും സ്പഷ്ടമായി പ്രതിപാദിച്ചിരിക്കുന്നു. അതിനാൽ സ്വർഗ്ഗരാജ്യത്തിലേക്കു പ്രവേശിക്കുവാനുള്ള യോഗ്യത അനുസരണം തന്നെയാണ്. ‘‘സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനു” മാത്രമേ ആ യോഗ്യത സിദ്ധിക്കുന്നുള്ളു. പിന്നീടുള്ള രണ്ടു വാക്യങ്ങളിൽ ആത്മാവിന്റെ വിവിധ വരങ്ങൾ ലഭിച്ചവരെങ്കിലും സ്വർഗ്ഗരാജ്യത്തിൽ പ്രവേശനം നിഷേധിക്കപ്പെടുന്ന ഒട്ടനേകം ആളുകളെപ്പറ്റി കർത്താവ് പ്രസ്താവിക്കുന്നു. ഇവരിലൂടെ വ്യാപരിച്ചിരുന്നതു രോഗശാന്തി, പ്രവചനം, വീര്യപ്രവൃത്തികൾ എന്നിവപോലുള്ള യഥാർത്ഥ വരങ്ങൾ തന്നെ. “നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിച്ചു. ഭൂതങ്ങളെ പുറ

ഇടുക്കമുള്ള വാതിൽ, വഴി എന്നിവ ശിഷ്യത്വത്തിന്റെ ദുർഘടമായ മാർഗ്ഗമാണെന്നു നേരത്തെ നാം കണ്ടു. അതുപോലെ ഇവിടെ ജീവിതത്തിന്റെ പാറമേലുള്ളതും സുസ്ഥിരവുമായ അടിസ്ഥാനം അനുസരണമാണെന്നു നാം കാണുന്നു. ശിഷ്യത്വവും അനുസരണവും - സർവപ്രധാനമായ ഈ രണ്ടു കാര്യങ്ങളെ കർത്താവ് തന്റെ ശിഷ്യന്മാർക്കു നൽകിയ അന്ത്യകല്പനയിലും ഒരുമിച്ചു കൊണ്ടുവരുന്നതായി നാം കാണുന്നു.

ത്താക്കി. വളരെ വീര്യപ്രവൃത്തികൾ ചെയ്തു" എന്നാണ് അവർ പറയുന്നത്. യേശു തിരിഞ്ഞ് അവരോട്:"ഇല്ല, നിങ്ങൾ കള്ളമാണ് പറയുന്നത്. ഇതൊന്നും നിങ്ങൾ ചെയ്തിട്ടില്ല'' എന്നു പറയുന്നുണ്ടോ? ഇല്ല തന്നെ. അതിനാൽ അവർ ഇവയെല്ലാം ചെയ്തിട്ടുള്ളതായി കർത്താവു സമ്മതിക്കുന്നുണ്ട്. ഇത്രയൊക്കെ കാര്യങ്ങൾ ചെത്തുകൊണ്ടിരിക്കുന്ന ഒരാൾ ഇന്നു നമ്മുടെ അടുക്കൽ വന്നാൽ അയാളൊരു കള്ളപ്രവാചകനാണെന്നു നാം സംശയിക്കുമോ? ഒരിക്കലുമില്ല. എങ്കിലും ഒരാൾ അല്ല, അനേകമനേകമാളുകൾ ഇവയെല്ലാം ചെയ്തവരായിട്ടും അന്ത്യനാളിൽ യേശു അവരോട് "ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടു പോകുവിൻ" എന്നാണു പറയുന്നത്. കാരണം മറ്റൊന്നുമല്ല. അവർ അധർമ്മം പ്രവർത്തിക്കുന്നുവരാണ്. പാപം ചെയ്കയും പാപത്തിൽ ജീവിക്കുകയും ചെയ്യുന്നവരാണ് എന്നതു തന്നെ. അവരുടെ ഉപദേശങ്ങൾ ശുദ്ധമാണ്. ആത്മാവിന്റെ വരങ്ങൾ അവരുടെ ജീവിതത്തിൽ വ്യാപരിക്കുകയും ചെയ്യുന്നു. എല്ലാം ശരി തന്നെ. എങ്കിലും അവർ പാപത്തിൽ ജീവിക്കുന്നവരാണ്. "ഞാൻ നിങ്ങളെ അറിയുന്നില്ല; എന്നെ വിട്ടു പോകുവിൻ" എന്നാണു കർത്താവ് അവരോടു പറയുന്നത്.

1 കൊരിന്ത്യർ 8:3ൽ "ഒരുവൻ ദൈവത്തെ സ്നേഹിക്കുന്നുവെങ്കിലോ അവനെ ദൈവം അറിഞ്ഞിരിക്കുന്നു" എന്നു നാം വായിക്കുന്നു. ദൈവത്തെ സ്നേഹിക്കുന്നവൻ അവിടുത്തെ വചനം പ്രമാണിക്കും. അവൻ സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനാണ്. ദൈവം അവനെ അറിഞ്ഞിരിക്കുന്നു. വചനം പ്രമാണിക്കാത്തവൻ അഥവാ അനുസരണക്കേടിൽ ജീവിക്കുന്നവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. ദൈവം അവനെയും അറിഞ്ഞിട്ടില്ല എന്നതു നിശ്ചയം തന്നെ.

ഗിരിപ്രഭാഷണത്തിന്റെ ഏറ്റവും ഒടുവിലുള്ള നാലു വാക്യങ്ങളിലാണ് (മത്തായി 7:24-27) രണ്ടു ഭവനങ്ങളുടെ സാദൃശ്യം നാം കാണുന്നത്. പാറമേലും മണലിന്മേലും പണിയപ്പെട്ട രണ്ടുഭവനങ്ങൾ. എല്ലാവർക്കും സുപരിചിതമെങ്കിലും ഏറിയ പങ്കാളുകളും തെറ്റിദ്ധരിച്ചിട്ടുള്ള ഒരു വേദഭാഗമാണിത്: "കർത്താവേ, എന്റെ ഹൃദയത്തിലേക്കു വരേണമേ" എന്നു പറഞ്ഞു കർത്താവിനെ കൈക്കൊണ്ടിട്ടുള്ള ഏവരും പാറമേൽ തങ്ങളുടെ ഭവനം

പണിയുന്നവരാണ് എന്നതാണ് സാധാരണമായ ചിന്താഗതി. എന്നാൽ ഈ ഭാഗത്തു കർത്താവ് അപ്രകാരമല്ല പറഞ്ഞിട്ടുള്ളത്. പിന്നെ എന്താണ്? 24-ാം വാക്യം നോക്കുക. “എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു.” അനന്തരം വാക്യം 26:“എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യാത്തവനൊക്കെയും മണലിന്മേൽ വീടു പണിത മനുഷ്യനോടു തുല്യനാകുന്നു.” കേട്ടു ചെയ്യുന്നവനും ചെയ്യാത്തവനും തമ്മിലാണ് ഇവിടുത്തെ താരതമ്യം. അഥവാ കർത്താവിന്റെ ഈ വചനങ്ങളെ അനുസരിക്കുന്നവനും അനുസരിക്കാത്തവനും തമ്മിലാണ് ഇപ്രകാരമുള്ള ഭീമമായ അന്തരം സംഭവിക്കുന്നത്.

ഇടുക്കമുള്ള വാതിൽ, വഴി എന്നിവ ശിഷ്യത്വത്തിന്റെ ദുർഘടമായ മാർഗ്ഗമാണെന്നു നേരത്തെ നാം കണ്ടു. അതുപോലെ ഇവിടെ ജീവിതത്തിന്റെ പാറമേലുള്ളതും സുസ്ഥിരവുമായ അടിസ്ഥാനം അനുസരണമാണെന്നു നാം കാണുന്നു. ശിഷ്യത്വവും അനുസരണവും-സർവപ്രധാനമായ ഈ രണ്ടു കാര്യങ്ങളെ കർത്താവ് തന്റെ ശിഷ്യന്മാർക്കു നൽകിയ അന്ത്യകല്പനയിലും ഒരുമിച്ചു കൊണ്ടുവരുന്നതായി നാം കാണുന്നു. മത്തായി 28:19,20 വാക്യങ്ങൾ നോക്കുക: ‘‘ആകയാൽ നിങ്ങൾ പുറപ്പെട്ടു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ടു സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ’’ എന്നതാണ് ആ അന്ത്യകല്പന. കർത്താവു നമ്മോടു കല്പിച്ചതൊക്കെയും നാം അനുസരിക്കണം. പ്രത്യേകിച്ച് മത്തായി 5,6,7 എന്നീ അധ്യായങ്ങളിൽ കല്പിച്ചവയെപ്പറ്റിയാണ് ‘എന്റെ ഈ വചനങ്ങൾ’ എന്ന് ഈ ഭാഗത്ത് കർത്താവു പറയുന്നത്. ഹൃദയവിശുദ്ധിയെപ്പറ്റി, വിനയത്തെപ്പറ്റി, ശത്രുക്കളെ സ്നേഹിക്കുന്നതിനെപ്പറ്റി, പരീശന്മാരുടെയും ശാസ്ത്രിമാരുടെയും നീതിയെ കവിയുന്ന നീതി പ്രാപിക്കുന്നതിനെപ്പറ്റി, കപടഭക്തരാകാതെ ദൈവമുമ്പാകെ ജീവിക്കുന്നതിനെപ്പറ്റി, സഹോദരനെ വിധിക്കാതെ അന്യർ നമുക്കു ചെയ്യണമെന്നു നാമിച്ഛിക്കുന്നതുപോലെ നാം അവർക്കു ചെയ്യുന്നതിനെപ്പറ്റിയെല്ലാം കർത്താവു കൽപിച്ച ഈ

> ഹൃദയവിശുദ്ധിയെപ്പറ്റി, വിനയത്തെപ്പറ്റി, ശത്രുക്കളെ സ്നേഹിക്കുന്നതിനെപ്പറ്റി, പരീശന്മാരുടെയും ശാസ്ത്രിമാരുടെയും നീതിയെ കവിയുന്ന നീതി പ്രാപിക്കുന്നതിനെപ്പറ്റി, കപടഭക്തരാകാതെ ദൈവമുമ്പാകെ ജീവിക്കുന്നതിനെപ്പറ്റി, അന്യർ നമുക്കു ചെയ്യണമെന്നു നാമിച്ഛിക്കുന്നതുപോലെ നാം അവർക്കു ചെയ്യുന്നതിനെപ്പറ്റിയെല്ലാം കർത്താവു കൽപിച്ച ഈ സകല വചനങ്ങളും നാം അനുസരിക്കുന്നുണ്ടോ? എങ്കിൽ നമ്മുടെ ജീവിതമാകുന്ന ഭവനം പാറമേൽ അടിസ്ഥാനമുള്ളതാണ്.

സകല വചനങ്ങളും നാം അനുസരിക്കുന്നുണ്ടോ? എങ്കിൽ നമ്മുടെ ജീവിതമാകുന്ന ഭവനം പാറമേൽ അടിസ്ഥാനമുള്ളതാണ്. അത് ഈ കാലത്തിലും നിത്യതയിലും വീഴാതെ ഉറച്ചുനിൽക്കും. അനുസരിക്കുന്നില്ലെങ്കിൽ ആ ഭവനം മണലിന്മേൽ പടുത്തുയർത്തിയതാണ്. ശോധനയുടെ സമയത്ത് അതിനു ഭീകരമായ പതനം സംഭവിക്കുകയും ചെയ്യും.

"എന്റെ ഈ വചനങ്ങൾ കേട്ടു ചെയ്യുന്നവർ"-ഈ വാക്കുകൾ നമ്മെ ഓർപ്പിക്കുന്ന മറ്റൊരു കാര്യം ദൈവവചനത്തോടു ഭിന്നവ്യക്തികൾക്കുള്ള ഭിന്നപ്രതികരണത്തെപ്പറ്റിയാണ്. പലരും പല തരത്തിലാണ് വചനം കേൾക്കുന്നതു തന്നെ. ഒരു കൂട്ടം ആളുകൾ കേൾപ്പാനുള്ള ചെവി ഇല്ലാത്തവരാണ്. അവർ കണ്ടിട്ടും കാണുന്നില്ല. കേട്ടിട്ടുംഗ്രഹിക്കുന്നില്ല. എന്നാൽ മറ്റൊരു കൂട്ടർ കേട്ടു ഗ്രഹിക്കുന്നവരാണ്. ഗ്രഹിക്കുക മാത്രമല്ല, അതു ശരിയെന്ന് അവർ സമ്മതിക്കുകയും ചെയ്യും. പക്ഷേ അനുസരിക്കുക മാത്രം ചെയ്കയില്ല. ഇവർ മണലിന്മേൽ വീടുപണിത ബുദ്ധിഹീനരായ മനുഷ്യരാണ്. രണ്ടാമതൊരു കൂട്ടർ വചനം കേട്ട് ഗ്രഹിക്കും; അവർക്ക് അനുതാപമുണ്ടാകയും പാപബോധം നിമിത്തം അവർ കണ്ണുനീർ ചൊരിയുകയും ചെയ്തെന്നും വരാം. വികാരപരമായ ഒരു ഉത്തേജനവും ചലനവും അവർക്കു സംഭവിച്ചിട്ടുമുണ്ട്. എങ്കിലും താൽകാലികമായ ഈ വൈകാരികചലനങ്ങളല്ലാതെ അനുസരണത്തിലേക്കു വരുന്ന അനുഭവം ഇവർക്കുണ്ടാകുന്നില്ല. മൂന്നാമതൊരു കൂട്ടരാകട്ടെ, മുകളിൽപ്പറഞ്ഞ രണ്ടനുഭവങ്ങൾക്കു പുറമേ-അതായത് ബുദ്ധിപരമായ ഗ്രഹണം, വൈകാരികമായ പശ്ചാത്താപം എന്നിവയ്ക്കു പുറമേ-തങ്ങളുടെ ഇച്ഛാശക്തിയെ ദൈവത്തിനു കീഴ്പ്പെടുത്തുകകൂടി ചെയ്യുന്നു. എന്നുവെച്ചാൽ ദൈവഹിതം ചെയ്യുവാനും അനുസരിക്കുവാനും തക്കവണ്ണം തങ്ങളുടെ ഇച്ഛയെ ദൈവത്തിനു വിധേയമാക്കുന്നു.

മനുഷ്യന്റെ വ്യക്തിത്വത്തിന്റെ ഏറ്റവും ആഴത്തിലുള്ളതും സുസ്ഥിരവുമായ ഘടകം അവന്റെ ഇച്ഛാശക്തിയാണ്. അതിനെ ദൈവത്തിനു കീഴ്പ്പെടുത്തിക്കൊടുക്കുക എന്നതാണ് യഥാർത്ഥ മാനസാന്തരം. മത്തായി 6: 47,48 വാക്യങ്ങളിൽ ഇപ്രകാരം പറഞ്ഞിട്ടുള്ളതു നോക്കുക: "എന്റെ ഈ വചനം കേട്ടു ചെയ്യുന്നവൻ... ആഴെക്കുഴിച്ചു പാറമേൽ അടിസ്ഥാനമിട്ടു വീടു പണിയുന്ന മനുഷ്യനോടു തുല്യൻ." രണ്ടു വ്യത്യസ്ത സ്ഥലങ്ങളിലല്ല, ഒരേ സ്ഥലത്തു തന്നെ വീടുപണിയുന്ന ആളുകളെയാണ് ഇവിടെ നമുക്ക് കാണാൻ സാധിക്കുന്നത്. ഒരുവൻ ബുദ്ധിപരമായ ഗ്രഹണം, വികാരപരമായ അനുതാപം എന്നിങ്ങനെ ഉപരിതലത്തിലുള്ള മണലിന്മേലും മറ്റവൻ ആഴത്തിലുള്ള ഇച്ഛാശക്തിയുടെ കീഴടക്കം അഥവാ അനുസരണമാകുന്ന പാറമേലും വീടു പണിയുന്നു.

പ്രിയ സ്നേഹിതരേ, ഇതു നാം സ്വയം പരിശോധിക്കേണ്ട ഒരു കാര്യമാണ്. കർത്താവിനെ സമ്പൂർണ്ണമായി അനുസരിക്കുന്ന ശിഷ്യത്വജീവിതത്തിലേക്കു ദൈവം നമ്മെ വിളിക്കുന്നു. നാം ആ വിളി കേട്ട് അനുസരിക്കുമോ?
(അവസാനിച്ചു)

❖

ധ്യാനചിന്തകൾ

# ‘എന്താണിത്? ഒന്നും മനസ്സിലാകുന്നില്ല’

എന്താണിത്?

അപ്രതീക്ഷിതമായി ചിലതു സംഭവിക്കുമ്പോൾ പലപ്പോഴും നാം ചോദിച്ചു പോകും -എന്താണിത്? (What is this?). എന്തുകൊണ്ടിങ്ങനെ സംഭവിക്കുന്നു? നമുക്കു മനസ്സിലാവുന്നില്ല.

ഓർക്കാപ്പുറത്തു ജോലി നഷ്ടപ്പെടുമ്പോൾ, അത്യാഹിതങ്ങൾ നേരിടുമ്പോൾ, അടുത്ത സ്നേഹിതർ ചിലർ അകന്നു മാറുമ്പോൾ... എന്താണിത്?

ബൈബിളിൽ യിസ്രായേൽ ജനതയുടെ മരുഭൂമിയാത്രയുടെ വിവരണത്തിൽ ഈ ചോദ്യത്തിന് അപ്രതീക്ഷിതമായ ഒരു മറുപടി കിട്ടുന്ന രസകരമായ ഒരു സംഭവമുണ്ട്. ഈജിപ്തിൽ ദീർഘവർഷങ്ങൾ അടിമകളായിരുന്ന 20 ലക്ഷത്തോളം വരുന്ന യിസ്രായേൽ ജനതയെ അവിടെ നിന്നും വിമോചിപ്പിച്ചുകൊണ്ട് അവരുടെ വിമോചന നായകൻ മോശ വാഗ്ദത്ത നാട്ടിലേക്കുള്ള പ്രയാണത്തിലാണ്. വളരെ മെല്ലെ മരുഭൂമിയിലൂടെയുള്ള ഈ യാത്ര ഉദ്ദിഷ്ഠസ്ഥാനത്ത് എത്തിച്ചേരാൻ ഒന്നും രണ്ടുമല്ല, 40 ദീർഘവർഷങ്ങൾ വേണ്ടിവന്നു. ഈ യാത്രയിൽ ഇത്രയും പേർക്കു ദിവസവും ഭക്ഷണവും വെള്ളവും എവിടെ നിന്നു നൽകും?-മോശ അഭിമുഖീകരിച്ച ഏറ്റവും വലിയ വെല്ലുവിളി ഇതായിരുന്നു.

എന്നാൽ ഏതുപ്രതിസന്ധിയിലും എന്നപോലെ മോശ ഇക്കാര്യത്തിനായി ദൈവത്തെ അഭയം പ്രാപിച്ചു. ദൈവം അദ്ഭുതകരമായ ഒരു പോംവഴിയാണ് ഒരുക്കിയത്. ദിവസവും രാവിലെ ആകാശത്തുനിന്നു നേരിയ ചെതുമ്പലുപോലെ ഒരു വസ്തു യിസ്രായേൽ പാളയത്തിനു ചുറ്റും വീണുകിടക്കും. ഇതു ഭക്ഷ്യയോഗ്യമാണ്. ഓരോരുത്തരും രാവിലെ തന്നെ ഇതിൽ ഇടങ്ങഴി വീതം പെറുക്കിയെടുത്ത് അതുകൊണ്ട് അപ്പമോ ദോശയോ ഉണ്ടാക്കി കഴിക്കണം. ഇങ്ങനെ 40 വർഷം എല്ലാദിവസവും ഇതുപെറുക്കി ഉപയോഗിച്ചാണ് അവർ ജീവൻ നിലനിർത്തിയത്! ഈ വിചിത്രവസ്തുവിന് ആളുകൾ ഇട്ടപേര് ‘മന്ന’ എന്നാണ്. മന്ന എന്ന വാക്കിന്റെ അർത്ഥം: “ഇതെന്താണ്? What is this?). ആദ്യദിവസം ഈ മന്ന പാളയത്തിനു ചുറ്റും വീണുകിടന്നപ്പോൾ ഇതെന്താണെന്ന് അവർക്ക് മനസ്സിലായില്ല. അവർ അന്യോന്യം ചോദിച്ചു- ‘ഇതെന്നാ, ഇതെന്നാ?’ ഒടുവിൽ ആ ചോദ്യം തന്നെ അതിന്റെ പേരായി-മന്ന

നോക്കുക: അവർക്കു മനസ്സിലാകാതിരുന്ന കാര്യം, അവരെ ആദ്യം ഭയപ്പെടുത്തിയത്, പിന്നീട് അവരെ തന്നെ പോഷിപ്പിക്കുന്ന ഭക്ഷണമായി തീർന്നു!

> പ്രതിസന്ധികളെയും പ്രശ്നങ്ങളെയും ഈ നിലയിൽ കാണുവാൻ നമുക്കും കഴിഞ്ഞിരുന്നെങ്കിൽ നന്നായിരുന്നു. പ്രതിസന്ധികളുടെ മുൻപിൽ ‘ഇതെന്താ’ എന്നാണു നാം ചോദിക്കുന്നത്. എന്നാൽ അതു നമ്മെ പോഷിപ്പിക്കാനുള്ള മന്നയായി നാം തിരിച്ചറിഞ്ഞിരുന്നെങ്കിൽ! യിസ്രായേൽജനത ഉപയോഗിച്ച മന്നയ്ക്ക് പല പ്രത്യേകതകൾ ഉണ്ടായിരുന്നു. അതിൽ ആദ്യത്തേത് അത് ഓരോ ദിവസത്തേക്കുള്ളതാണെന്നതായിരുന്നു. നമുക്കുണ്ടാകുന്ന പല പ്രതിസന്ധികളും ഓരോ ദിവസത്തേക്കുള്ളതാണ്.

ഇന്നു നമ്മെ സംബന്ധിച്ചും പല കാര്യങ്ങളും ഇങ്ങനെതന്നെയാണ്. നമുക്ക് മനസ്സിലാകാത്ത, എന്തുകൊണ്ടിങ്ങനെ സംഭവിക്കുന്നു, എന്നു പേടിക്കുന്ന പല പ്രതിസന്ധികളും വാസ്തവത്തിൽ നമ്മെ നശിപ്പിക്കാനുള്ളതല്ല, മറിച്ച് നമ്മെ ബലപ്പെടുത്താനുള്ളതാണ്.

കർഷകന്റെ കഴുതയുടെ കഥ കേട്ടിട്ടില്ലേ? വയസ്സൻ കഴുത വീടിനടുത്തുള്ള ആഴമുള്ള കുഴിയിൽ വീണപ്പോൾ കർഷകൻ ആദ്യം അതിനെ കരകയറ്റാൻ ശ്രമിച്ചു. പക്ഷേ ഫലിച്ചില്ല. മനം മടുത്ത കർഷകൻ ഒടുവിൽ തനിക്കു പ്രയോജനമില്ലാത്ത വയസ്സൻ കഴുത കുഴിയിൽ കിടക്കുമ്പോൾ തന്നെ അതിനു മുകളിൽ മണ്ണിട്ടുമൂടി കുഴി നികത്താമെന്നു തീരുമാനിച്ചു. കാരണം ഇനി ആരും ഈ കുഴിയിൽ വീഴരുതല്ലോ.

കുഴിമൂടാനായി കർഷകൻ മുകളിൽ നിന്ന് ഓരോ കുട്ടമണ്ണുവീതം കുഴിയിൽ നിൽക്കുന്ന കഴുതയുടെ മുകളിലേക്കിടുവാൻ തുടങ്ങി. പക്ഷേ തന്റെ മുകളിൽ ഓരോ കുട്ട മണ്ണുവീഴുമ്പോഴും കഴുത തന്റെ ശരീരം ഒന്നു കുടയും, ദേഹത്തുവീണ മണ്ണുതെറിച്ചു കുഴിയിൽ വീഴും, അപ്പോൾ ആ മണ്ണിന്റെ മുകളിൽ കഴുത കയറി നിൽക്കും. ഓരോ കുട്ട മണ്ണുവീഴുമ്പോഴും കഴുത ഇതുതന്നെ ചെയ്തു. ക്രമേണ കുഴി നികന്നു നികന്നു വന്നു. ഒടുവിൽ മണ്ണുവീണു കുഴി പൂർണ്ണമായി നിറയാറായപ്പോൾ കഴുത കുഴിയിൽ നിന്നു കരയിലേക്കു ചാടിക്കയറി ഓടി രക്ഷപ്പെട്ടു. കഴുത ‘വെറുംകഴുത’യല്ലെന്നു വ്യക്തമായില്ലേ?

വാസ്തവത്തിൽ ഓരോ കുട്ടമണ്ണും അവനെ ഒടുക്കിക്കളയാനുള്ളതായിരുന്നു. പക്ഷേ അതിനെ തന്നെ കഴുത താൻ വീണ കുഴിയിൽ നിന്നു തനിക്കു രക്ഷപ്പെടാനുള്ള ചവിട്ടുപടിയായി ഉപയോഗിച്ചു. പ്രതിസന്ധികളെയും പ്രശ്നങ്ങളെയും ഈ നിലയിൽ കാണുവാൻ നമുക്കും കഴിഞ്ഞിരുന്നെങ്കിൽ നന്നായിരുന്നു. പ്രതിസന്ധികളുടെ മുൻപിൽ ‘ഇതെന്താ’ എന്നാണു നാം ചോദിക്കുന്നത്. എന്നാൽ അതുനമ്മെ പോഷിപ്പിക്കാനുള്ള മന്നയായി നാം തിരിച്ചറിഞ്ഞിരുന്നെങ്കിൽ! യിസ്രായേൽജനത ഉപയോഗിച്ച മന്നയ്ക്ക് പല പ്രത്യേകതകൾ ഉണ്ടായിരുന്നു. അതിൽ ആദ്യത്തേത് അത് ഓരോ ദിവസത്തേക്കുള്ളതാണെന്നതായിരുന്നു. ചിലർ കൂടുതൽ മന്ന പെറുക്കി പിറ്റന്നത്തേക്കു സൂക്ഷിച്ചു. എന്നാൽ അതുപിറ്റേന്നായപ്പോഴേക്കും പഴകി ഉപയോഗശൂന്യമായിപ്പോയി. നമുക്കുണ്ടാകുന്ന പല പ്രതിസന്ധികളും ഓരോ ദിവസത്തേ

ക്കുള്ളതാണ്. യേശു തന്റെ പ്രസിദ്ധമായ ഗിരിപ്രഭാഷണത്തിൽ ഓരോ ദിവസത്തിന്റെ അടിസ്ഥാനത്തിൽ ജീവിക്കുന്നതിനെക്കുറിച്ച ഇങ്ങനെ പറഞ്ഞു: 'നാളേക്കായി വിചാരപ്പെടരുത്. നാളത്തെ ദിവസം അതിനായി തന്നെ വിചാരപ്പെട്ടുകൊള്ളും. അതതു ദിവസത്തിന് അന്നന്നത്തെ ദോഷം മതി.' നാം പലപ്പോഴും പ്രശ്നങ്ങളെ അതതുദിവസം തീർക്കുന്നതിനു പകരം പിറ്റേന്നത്തേക്കു ബാക്കിവയ്ക്കുന്നു. ചിലരോടുള്ള നീരസം പോലും അതതുദിവസം ക്ഷമിക്കണമെന്നും അത് ഭാവിയിലേക്ക് സൂക്ഷിക്കരുതെന്നും സെന്റ് പോൾ പറഞ്ഞിരിക്കുന്നു: 'നിങ്ങളുടെ കോപത്തിന്മേൽ സൂര്യൻ അസ്തമിക്കരുത്' എന്നാണ് അദ്ദേഹത്തിന്റെ പദപ്രയോഗം. എന്നുവെച്ചാൽ 24 മണിക്കൂറിനുള്ളിൽ കാര്യങ്ങൾ ക്രമീകരിച്ചിരിക്കണം എന്നർത്ഥം. ഭാര്യാഭർതൃബന്ധത്തിലുണ്ടാകുന്ന പിണക്കങ്ങൾപോലും ചിലർ ദിവസങ്ങളോളം സൂക്ഷിക്കയും അന്യോന്യം പലദിവസങ്ങൾ മിണ്ടാതിരിക്കുകയും ചെയ്യുന്നു. ഓർക്കുക:' നിങ്ങളുടെ കോപത്തിന്മേൽ സൂര്യൻ അസ്തമിക്കരുത്'.

മന്നയുടെ രണ്ടാമത്തെ പ്രത്യേകത അതിന് ഒരു നിശ്ചിത അളവുണ്ടെന്നതാണ്. ഓരോരുത്തൻ ഇടങ്ങഴി വീതം പെറുക്കിക്കൊള്ളണം എന്നതായിരുന്നു മോശയുടെ കല്പന. അതിൽ കൂടുതലും അരുത്. കുറവും അരുത്! ചിലർ ആർത്തിയോടെ കൂടുതൽ പെറുക്കി. പക്ഷേ ഒടുവിൽ അളന്നപ്പോൾ കൃത്യം ഇടങ്ങഴി! ചിലർ കുറച്ചെ പെറുക്കിയുള്ളു. പക്ഷേ അവരും അളന്നപ്പോൾ അദ്ഭുതം, കൃത്യം ഇടങ്ങഴി മന്ന! 'ഏറെ പെറുക്കിയവന് ഏറെയും കുറെ പെറുക്കിയവനു കുറെയും കണ്ടില്ല.' ജീവിതത്തെക്കുറിച്ചൊരു വിലപ്പെട്ട പാഠം ഇതിലുണ്ട്. ആർത്തിയോടെ, ദുരമൂത്ത് ഈ ലോകത്തിൽ ഒട്ടേറെ വെട്ടിപ്പിടിക്കാൻ നോക്കരുത്. 'ഒരാൾക്ക് എത്ര ഭൂമിവേണം' എന്ന ടോൾസ്റ്റോയി കഥ പോലെയാണ് ഒടുവിൽ കാര്യങ്ങൾ. ഏറെ സമ്പാദിച്ചവനും ഒടുവിൽ ആറടി മണ്ണുമതി.!

> മന്നയുടെ മറ്റൊരു പ്രത്യേകത അത് വെയിൽ മൂക്കുമ്പോൾ ഉരുകിപ്പോകും എന്നതാണ്. പല പ്രശ്നങ്ങളും വലിയ പ്രയാസമായി തോന്നുന്നതിനു കാരണം ദൈവസ്നേഹത്തെക്കുറിച്ചുള്ള ഉറപ്പിന്റെ ഊഷ്മളത ഹൃദയത്തിൽ വേണ്ടത്രയില്ലാത്തതാണ്. ദൈവസ്നേഹത്തിന്റെ സുരക്ഷിതത്വത്തെക്കുറിച്ചുള്ള ബോധ്യത്താൽ ഹൃദയം ചൂടുപിടിക്കുമ്പോൾ സ്വയ സഹതാപത്തിന്റെ തണുപ്പ് അകന്നുപോകും. അപ്പോൾ പ്രതിസന്ധി വിചാരിച്ചത്ര രൂക്ഷമല്ലെന്നു കണ്ടെത്തും.

നിത്യജീവിതത്തിൽ നേരിടുന്ന പ്രശ്നങ്ങൾസംബന്ധിച്ചും ഓരോരുത്തർക്കും ഒരു നിശ്ചിത അളവ് ഉണ്ടെന്നും ഇതു വ്യക്തമാക്കുന്നു. അതെന്താണെന്നു വ്യക്തമാക്കിയിട്ടുള്ളത് സെന്റ് പോൾ ആണ്. അദ്ദേഹം എഴുതി: 'ഓരോരുത്തർക്കും സഹിപ്പാൻ കഴിയുന്നതിൽ കൂടുതൽ അവിടുന്നു നൽകുകയില്ല. ദൈവം വിശ്വസ്തൻ.' നമുക്ക് എത്ര താങ്ങാൻ കഴിയുമെന്ന് അവിടുത്തേക്ക് അറിയാം. അതിൽകൂടുതൽ ഭാരം നമ്മുടെ മേൽ വയ്ക്കുകയില്ല. നമുക്ക് കൃത്യമായ

ചിന്തയ്ക്ക്

# പ്രാർത്ഥനയ്ക്കുള്ള തടസ്സങ്ങളെ എങ്ങനെ മാറ്റാം?

*(കഴിഞ്ഞ ലക്കം തുടർച്ച)*

**4. മടി**

നമ്മുടെ ഭാഗം ചെയ്യുവാൻ മടിക്കുന്നതു നമ്മുടെ പ്രാർത്ഥനകൾക്കു ദൈവം ഉത്തരം നല്കുന്നതിനെ തടയാം. സ്വദേശത്തും വിദേശത്തും തിന്മയും കഷ്ടപ്പാടും കാണുമ്പോൾ ദയയും സേവനവും കാണിക്കുവാൻ സ്നേഹം മാടി വിളിക്കുന്നു. നഗരത്തിൽ ബിംബങ്ങൾ നിറഞ്ഞിരിക്കുന്നതു കണ്ടപ്പോൾ പൗലൊസിന്റെ മനസ്സിനു ചൂടുപിടിച്ചതുപോലെ തന്നെ (അപ്പോ. പ്രവൃ. 18:16). നമ്മുടെ കൃപാവരങ്ങളാലും പ്രാർത്ഥനകളാലും സേവനത്താലും ദൈവരാജ്യത്തിന്റെ വരവിനെ ത്വരിതപ്പെടുത്തുവാൻ നമുക്കു സാധിക്കാത്തപക്ഷം 'നിന്റെ രാജ്യം വരണമേ' എന്നു നാം പ്രാർത്ഥിക്കുന്നതിൽ നമുക്ക് ആത്മാർത്ഥതയുള്ളവരാകാൻ കഴിയുന്നതെങ്ങനെ?

ഒരു വാക്കു പറയുവാനോ ഒരെഴുത്ത് എഴുതുവാനോ സുവിശേഷസ്വാധീനത്തിന്റെ കീഴിലേക്കു കൊണ്ടുവരുവാൻ ചില ശ്രമങ്ങൾ നടത്തുവാനോ നാം തയ്യാറാകാത്തപക്ഷം അഭക്തരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുന്നതിൽ നമുക്കു പൂർണ്ണമായി ആത്മാർത്ഥതയുള്ളവരാകുവാൻ കഴിയുകയില്ല.

---

ഒരുകോട്ടാ ഉണ്ടെന്നു സാരം.

മന്നയുടെ മറ്റൊരു പ്രത്യേകത അത് വെയിൽ മൂക്കുമ്പോൾ ഉരുകിപ്പോകും എന്നതാണ്. പല പ്രശ്നങ്ങളും വലിയ പ്രയാസമായി തോന്നുന്നതിനു കാരണം ദൈവസ്നേഹത്തെക്കുറിച്ചുള്ള ഉറപ്പിന്റെ ഊഷ്മളത ഹൃദയത്തിൽ വേണ്ടത്രയില്ലാത്തതാണ്. ദൈവസ്നേഹത്തിന്റെ സുരക്ഷിതത്വത്തെക്കുറിച്ചുള്ള ബോധ്യത്താൽ ഹൃദയം ചൂടുപിടിക്കുമ്പോൾ സ്വയസഹതാപത്തിന്റെ തണുപ്പ് അകന്നുപോകും. അപ്പോൾ പ്രതിസന്ധി വിചാരിച്ചത്ര രൂക്ഷമല്ലെന്നു കണ്ടെത്തും. പ്രശ്നം അദ്ഭുതകരമായി ഉരുകിമാറിയെന്നുവരാം. എന്നാൽ അതിനും ഒരുപടി ഉയരത്തിൽ ഈ 'കൂരിരുൾ താഴ്‌വരയിലൂടെ കടന്നു പോകുമ്പോൾ നീ എന്നോടു കൂടെയുണ്ട്' എന്ന ഉറപ്പ് കാര്യങ്ങളെ തീർത്തും വ്യത്യാസപ്പെടുത്തിയേക്കാം.

മന്ന നൽകുന്ന പാഠങ്ങൾ ഇങ്ങനെയെത്രയെത്ര! അടുത്ത തവണ പ്രതിസന്ധിയുടെ മുൻപിൽ പകച്ചു നിന്ന് 'ഇതെന്താ'? എന്നു ചോദിക്കുന്നതിനുമുമ്പ് മന്ന നൽകുന്ന ഈ പാഠങ്ങൾ അയവിറക്കുക.

മൂഡിയുടെ വലിയ സുവിശേഷ യജ്ഞങ്ങളിൽ ഒന്നിനു മുമ്പായി ദൈവത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാൻ ആളുകളെ ഒരുക്കുന്ന ഒരു മീറ്റിംഗിൽ മൂഡിയും സംബന്ധിച്ചിരുന്നു. പണക്കാരായ പലരും അവിടെ ഉണ്ടായിരുന്നു. ചെലവുകൾ വഹിക്കാൻ ആവശ്യമായ പണം ദൈവം അയയ്ക്കേണ്ടതിനായി ഒരാൾ പ്രാർത്ഥിക്കാനാരംഭിച്ചു. മൂഡി അവന്റെ പ്രാർത്ഥന പെട്ടെന്ന് നിർത്തിച്ചു. ''അതിനുവേണ്ടി നാം ദൈവത്തെ ബുദ്ധിമുട്ടിക്കേണ്ട ആവശ്യമില്ല,'' അദ്ദേഹം ശാന്തമായി പറഞ്ഞു: "ഈ പ്രാർത്ഥനയ്ക്ക് ഉത്തരം നല്കാൻ നമുക്കു തന്നെ കഴിയും!"

**5. രഹസ്യമായി മാത്രമുള്ള പ്രാർത്ഥന**

ഇതും ഒരു തടസ്സമാകാം. ഒരു വീട്ടിലെ കുട്ടികൾ പിതാവിനെ ഒറ്റയ്ക്കൊറ്റയ്ക്ക് കണ്ടേ തീരു എന്നില്ല. നമ്മുടെ കർത്താവ് കൂട്ടമായുള്ള പ്രാർത്ഥന അഥവാ ഐകമത്യപ്പെട്ടുള്ള പ്രാർത്ഥനയെക്കുറിച്ച് സാധാരണ സൂചിപ്പിക്കുന്നത് ശ്രദ്ധേയമാണ്. ''നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ'', ''ഞങ്ങളുടെ പിതാവേ എന്നു പറയുക", "ഭൂമിയിൽ വച്ചു നിങ്ങളിൽ രണ്ടുപേർ യാചിക്കുന്ന ഏതു കാര്യത്തിലും ഐകമത്യപ്പെട്ടാൽ അത് സ്വർഗ്ഗസ്ഥനായ എന്റെ പിതാവിങ്കൽനിന്ന് അവർക്കു ലഭിക്കും". "രണ്ടോ മൂന്നോപേർ എന്റെ നാമത്തിൽ കൂടിവരുന്നിടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട്" (മത്താ. 18:19,20)

പല സഭകളുടെയും ആത്മീയ ജീവിതത്തിലെ ബലഹീനത പ്രയോജനകരമല്ലാത്ത പ്രാർത്ഥനയോഗങ്ങളോ പ്രാർത്ഥനയോഗങ്ങളിലെ അംഗങ്ങളുടെ സാന്നിദ്ധ്യമില്ലായ്മയോ ആവാം. ഭയഭക്തിപൂർവ്വകമോ അല്ലാത്തതോ ആയ പ്രതിദിന പ്രഭാത, സന്ധ്യാപ്രാർത്ഥനകളോടു ബന്ധപ്പെട്ട സാധാരണയായ തണുപ്പൻ രീതി, എല്ലാവരും പങ്കെടുത്തേക്കാവുന്നതും പ്രാർത്ഥനയ്ക്കായി പ്രത്യേകമായി വിളിച്ചുകൂട്ടുന്നതുമായ അനൗപചാരികകൂടിവരവുകളിൽ ഉണ്ടാകാൻ കഴിയുകയില്ല. പ്രതിവാര പ്രാർത്ഥനാമീറ്റിംഗുകളെ നമുക്ക് ഒരു ജീവനുള്ള വസ്തുവായും ഒരു ജീവ ശക്തിയായും മാറ്റാൻ കഴിയുകയില്ലേ?

**6. സ്തുതിയില്ലായ്മ**

പ്രാർത്ഥനപോലെ പ്രധാനപ്പെട്ടതാണ് സ്തുതി. "അവന്റെ വാതിലുകളിൽ സ്ത്രോത്രത്തോടും അവന്റെ പ്രാകാരങ്ങളിൽ സ്തുതിയോടും കൂടെ വരുവിൻ. നാം സ്തോത്രം ചെയ്ത് അവന്റെ നാമത്തെ വാഴ്ത്തുവിൻ" (സങ്കീ. 100:4). ഒരുകാലത്ത് "പ്രാർത്ഥിക്കുന്ന ഹൈഡി'ന്റെ ജീവിതത്തിൽ പ്രതിദിനം തന്റെ ശുശ്രൂഷയിൽ നാലുപേർവീതം ദൈവത്തിന്റെ ആട്ടിൻകൂട്ടത്തിലേക്ക് ചേർക്കപ്പെടുവാൻ ഇടയാകേണ്ടതിനായി പ്രാർത്ഥിക്കാനുള്ള നടത്തിപ്പ് ഉണ്ടായി. ഏതെങ്കിലും ഒരു ദിവസം ആ സംഖ്യയിൽ കുറവു കാണപ്പെട്ടാൽ ഹൃദയത്തിൽ വലിയ ഭാരവും വേദനയും ഉണ്ടാവുകയും തനിക്ക് കഴിക്കാനോ ഉറങ്ങാനോ സാധിക്കാതെ വരുകയും ചെയ്യുമായിരുന്നു. പിന്നെ പ്രാർത്ഥനയിൽ തന്നിലെ തടസ്സമെന്തായിരുന്നു എന്ന് കാണിച്ചുതരുവാൻ കർത്താവിനോടു ചോദിക്കുമായിരുന്നു. അത് തന്റെ ജീവിതത്തിലെ സ്തുതിയുടെ കുറവാണെന്ന് സംശയാതീതമായി താൻ കണ്ടെത്തി. ആ പാപാവസ്ഥയെ

അദ്ദേഹം ഏറ്റുപറയുകയും സ്തുതിയുടെ ആത്മാവിനായി പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു. അദ്ദേഹം പറഞ്ഞത് താൻ ദൈവത്തെ സ്തുതിച്ചപ്പോൾ അന്വേഷകരായ ദേഹികൾ തന്റെ അടുത്തേക്കു വരുമായിരുന്നു എന്നാണ്. ദൈവത്തിന്റെ പ്രവർത്തനവഴികൾക്കോ ഫലത്തിനോ നാമും നിശ്ചിത എണ്ണം പറഞ്ഞ് പരിധിവയ്ക്കണമെന്നല്ല അർത്ഥമാക്കുന്നത്. എന്നാൽ "നാമും നമ്മുടെ സർവ്വാന്തരംഗവും യഹോവയെ വാഴ്ത്തണം" എന്നാണ്.

"കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ" എന്നു നമ്മെ ആവർത്തിച്ചാഹ്വാനം ചെയ്തിരിക്കുന്നത് വെറുതെയല്ല. ദൈവഹിതപ്രകാരമല്ലാതെ ദുഃഖിക്കുന്ന മക്കളെ ദൈവത്തിനു വേണ്ട. തന്റെ മക്കളിൽ ആർക്കും ദുഃഖത്തിന് ഒരു കാരണവും ഇല്ല. മനുഷ്യരാൽ ഏറ്റവും പീഡിപ്പിക്കപ്പെട്ടവനായിരുന്ന പൗലൊസ് ഒരു പാടുന്ന മനുഷ്യനായിരുന്നു. തടവിലും പുറത്തും തന്റെ അധരങ്ങളിൽനിന്ന് സ്തുതിയുടെ കീർത്തനങ്ങൾ വന്നു, രാവും പകലും താൻ തന്റെ രക്ഷിതാവിനെ സ്തുതിച്ചു. തന്റെ പ്രബോധനത്തിന്റെ ക്രമംതന്നെ അർത്ഥപൂർണ്ണമാണ്. "എപ്പോഴും സന്തോഷിപ്പിൻ, ഇടവിടാതെ പ്രാർത്ഥിപ്പിൻ, എല്ലാറ്റിനും സ്തോത്രം ചെയ്‌വിൻ ഇതല്ലോ ക്രിസ്തുയേശുവിൽ നിങ്ങളെക്കുറിച്ചു ദൈവേഷ്ടം" (1 തെസ്സ. 5:16-18).

ദൈവേഷ്ടം! ആ ചിന്ത നിങ്ങളുടെ മനസ്സിലുണ്ടാകട്ടെ. ഇത് മനസ്സുപോലെ ചെയ്യാവുന്ന നിർബന്ധമില്ലാത്ത ഒരു കാര്യമല്ല.

**സന്തോഷിക്കുക, പ്രാർത്ഥിക്കുക, സ്തോത്രം ചെയ്യുക.**

ദൈവഹിതമനുസരിച്ച് നിങ്ങൾക്കും എനിക്കും ഉള്ള ക്രമം അതാണ്. നമ്മുടെ സ്തുതികൾപോലെ ദൈവം അത്ര പ്രസാദിക്കുന്ന വേറൊന്നില്ല. "യഹോവയിൽത്തന്നെ രസിച്ചു കൊൾക. അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും" (സങ്കീ 37:3).

വീട്ടിൽനിന്നു വളരെ ദുഃഖകരമായ വാർത്ത അറിഞ്ഞ ഒരു മിഷനറി ആകെ വാടിപ്പോയി. തന്റെ മനസ്സിന്റെ അന്ധകാരത്തെ ദുരീകരിക്കാൻ പ്രാർത്ഥന ഒട്ടും പ്രയോജനപ്പെട്ടില്ല. സംശയിക്കാതെ ആശ്വാസം തേടി അയാൾ മറ്റൊരു മിഷനറിയെ കാണാൻ പോയി. അവിടെ ഭിത്തിയിൽ ഒരു കാർഡിൽ ഇങ്ങനെ എഴുതിപ്പതിച്ചിരുന്നു: "സ്തോത്രം പരീക്ഷിച്ചാലും!" അവൻ അതു ചെയ്ത ഒരു നിമിഷംകൊണ്ട് ഒരിക്കലും തിരികെവരാതെ വണ്ണം നിഴലെല്ലാം മാഞ്ഞുപോയി!

നമ്മുടെ പ്രാർത്ഥനയ്ക്കുത്തരം ലഭിക്കാൻ മതിയായ നിലയിൽ നാം സ്തുതിക്കുന്നുവോ? നാമവനെ വാസ്തവമായി ആശ്രയിക്കുന്നു എങ്കിൽ നാം എപ്പോഴും അവനെ സ്തുതിക്കും.

ഒരിക്കൽ മാർട്ടിൻ ലൂഥർ പ്രാർത്ഥിക്കുന്നത് സന്ദർഭവശാൽ കേൾക്കാനിടയായ ഒരാൾ പറഞ്ഞു, "കൃപാലുവായ ദൈവമേ, അവന്റെ അനുഭവങ്ങളിൽ എന്തൊരു ഉത്സാഹം, എന്തൊരു വിശ്വാസം!. ദിവ്യസാന്നിദ്ധ്യത്തിൽ ആയിരിക്കുമ്പോൾ എത്ര ഭയഭക്തി വേണോ അത്രയും ഭയഭക്തിയോടെ അവൻ ദൈവത്തോട് സങ്കടം ബോധിപ്പിക്കുകയും ഒരു സുഹൃത്തിനോടോ അപ്പനോടോ എന്നപോലെ ഉറച്ച പ്രത്യാശയോടും ധൈര്യത്തോടുംകൂടെ സംസാരിക്കുകയും ആയിരുന്നു. പ്രാർത്ഥനയ്ക്ക് തടസ്സങ്ങൾ നിലവിലിരിക്കുന്നു എന്ന്

## അമ്മമാർക്കൊരു പ്രോത്സാഹനം

### അദ്ധ്യായം 4

# കീഴടക്കത്തിന്റെ മഹത്വം

ആനി പുന്നൻ

**ദൈവം** എന്റെ കണ്ണുതുറന്നപ്പോൾ എനിക്കു കാണാൻ കഴിഞ്ഞ മൂന്നാമത്തെ പ്രധാന സത്യം. എന്റെ ഭർത്താവിന് ഞാൻ കീഴടങ്ങിയിരിക്കേണ്ടതിന്റെ ആവശ്യകതയാണ്.

മനുഷ്യർ ഒരിക്കലും കേൾക്കാൻ ഇഷ്ടപ്പെടാത്ത ഒരു വാക്കാണ് കീഴടങ്ങൽ. എന്തെന്നാൽ ഭർത്താവ് എന്ത് ആഗ്രഹിക്കുന്നുവോ അതു ചെയ്യാൻ നിങ്ങൾ എപ്പോഴും വിട്ടുകൊടുക്കുന്നതാണ് കീഴടങ്ങൽ എന്ന് ആളുകൾ വിചാരിക്കുന്നു. അതുകൊണ്ട് അവർ അത് ഇഷ്ടപ്പെടുന്നില്ല. എന്നാൽ അങ്ങനെയല്ല ഇക്കാര്യത്തെ കാണേണ്ടത്. യേശു ജീവിതകാലം മുഴുവൻ തന്റെ പിതാവിന് കീഴടങ്ങി. പിതാവ് ചെയ്യാൻ പറഞ്ഞതെല്ലാം ചെയ്തു ജീവിച്ചതാണ് കീഴടങ്ങൽ. അതുപോലെ നാമും ആയിരിക്കേണ്ടതാണ്. പൂർണ്ണരല്ലാത്ത തന്റെ ലോകമാതാപിതാക്കൾക്ക് യേശു മുപ്പത് വർഷക്കാലം കീഴടങ്ങിയിരുന്നത്, താൻ തന്റെ സ്വർഗ്ഗീയ പിതാവിനെ അനുസരിച്ചതു കൊണ്ടാണ്. തന്റെ പിതാവിനെ വളരെയധികം സ്നേഹിച്ചതു കൊണ്ട് യേശു പിതാവിന്റെ ഹിതത്തിനു മുമ്പിൽ കീഴടങ്ങി. നാമും നമ്മുടെ ഭർത്താവിനു കീഴടങ്ങിയിരിക്കേണ്ടതാണ്. 'യേശുവിലുള്ള അതേ ഭാവം തന്നെ നമ്മിലും ഉണ്ടായിരിക്കട്ടെ' (ഫിലി.2:5)

ഫിലിപ്പിയർ 2:5-11-ൽ നാം വായിക്കുന്നു: യേശുതന്റെ പിതാവിനോടുള്ള സമത്വം മുറുകെ പിടിക്കാതെ തന്നെത്താൻ താഴ്ത്താൻ തയ്യാറായി. മനസ്സോടെ ആ സമത്വം വിട്ടുകളഞ്ഞു. ദൈവത്തെക്കാൾ ഒരുപടി

*(ശേഷം പേജ് 29 ൽ)*

---

തികച്ചും ബോധമില്ലാതെയാണ് ആ ദൈവപൈതൽ കാണപ്പെട്ടത്!"

ഇതുവരെ പറഞ്ഞത് എന്തെല്ലാമാണെങ്കിലും സകലതും ഒരു തലക്കെട്ടിൽ ചുരുക്കാൻ കഴിയും, തന്റെ എല്ലാ മക്കൾക്കുംവേണ്ടി ദൈവം ഉദ്ദേശിക്കുന്ന വിശുദ്ധ ജീവിതത്തെ കുറിച്ചുള്ള ദൈവവചനത്തിന്റെ ഉപദേശത്തെക്കുറിച്ചുള്ള അജ്ഞതയിൽ നിന്നോ തനിക്കായി നമ്മെ സമ്പൂർണ്ണമായി സമർപ്പിക്കാനുള്ള സന്നദ്ധതക്കുറവിൽനിന്നോ ആണ് പ്രാർത്ഥനയ്ക്കുള്ള സകല തടസ്സവും ഉത്ഭവിക്കുന്നത്.

"ഞാനും എനിക്കുള്ളതൊക്കെയും നിന്റേതാണ്" എന്നു സത്യസന്ധമായി നമുക്ക് പിതാവിനോടു പറയാൻ കഴിയുമ്പോൾ, "എനിക്കുള്ളതെല്ലാം നിന്റേതാണ്" എന്ന് അവിടുത്തേക്കു നമ്മോടും പറയാൻ കഴിയും.

(അവസാനിച്ചു)



ബൈബിളിലൂടെ........

## ഫിലേമോൻ

# ത്യാഗപരമായ സ്നേഹം

**സാക്പുന്നൻ**

**കേവലം** 25 വാക്യങ്ങളും ഒരേയൊരു അദ്ധ്യായവും മാത്രമുള്ള ഫിലേമോൻ പൗലൊസിന്റെ ഒരു ചെറിയ ലേഖനമാണ്. ഫിലേമോനെന്ന ധനികനായ ഒരു സഹോദരനുവേണ്ടി എഴുതിയതാണിത്. അപ്ഫിയ സദ്ദേഹത്തിന്റെ ഭാര്യായിരിക്കാം. നാം കൊലോസ്യർ 4:17ൽ പരാമർശിച്ച അർക്കിപ്പോസ് ഒരു പക്ഷേ ഇദ്ദേഹത്തിന്റെ പുത്രനായിരിക്കാം. ഫിലേമോൻ കൊലോസ്യയിൽ ആയിരുന്നിരിക്കണം ജീവിച്ചിരുന്നത്. അവൻ ആ സഭയിലെ മൂപ്പനും ആ സഭ കൂടിവന്നിരുന്നത് അവന്റെ ഭവനത്തിലും ആയിരുന്നിരിക്കണം. മനോഹരമായ ചില കാര്യങ്ങൾ ഈ ലേഖനത്തിൽ നമുക്കുകാണാം.



*നമ്മുടെ ശുശ്രൂഷയാൽ രക്ഷിക്കപ്പെട്ട ആളുകൾക്കു നമ്മോട് വലിയ ബഹുമാനമുണ്ടായിരിക്കും. അവർ നമുക്കുവേണ്ടി എന്തും ചെയ്യുവാൻ തയ്യാറായിരിക്കും.*

ആദ്യംതന്നെ പൗലൊസ് പറയുന്നു "എന്റെ പ്രാർത്ഥനകളിൽ നിന്നെ ഓർത്ത് ഞാൻ എന്റെ ദൈവത്തിനു എല്ലായ്പ്പോഴും സ്തോത്രം ചെയ്യുന്നു." ഒരു ദൈവദാസൻ നിനക്കുവേണ്ടി പ്രാർത്ഥിക്കുന്നു എന്ന് അറിയുന്നത് ഏതൊരാൾക്കും വലിയ ഉത്സാഹം നൽകുന്ന കാര്യമാണ്. നാം പ്രാർത്ഥനയിൽ ഓർക്കുന്ന ആളുകളുടെ പട്ടിക നോക്കിയാൽ നാം സ്നേഹിക്കുന്നവരാണ് അവരെല്ലാം എന്നു കാണാം. നാം അത്രഅധികം സ്നേഹിക്കാത്ത പല ആളുകളുണ്ടാകാം. അവർക്കുവേണ്ടി നാം എപ്പോഴും പ്രാർത്ഥിക്കാറില്ല. നാം മനുഷ്യരാകയാൽ എല്ലാവരേയും ഒരുപോലെ സ്നേഹിക്കുവാൻ കഴിയുകയില്ല. പൗലൊസ് ഫിലോമോനെ സ്നേഹിച്ചു; അവനുവേണ്ടി പ്രാർത്ഥിച്ചു. പൗലൊസിനെ പോലെ മഹാനായൊരു അപ്പോസ്തലൻ തനിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ സമയം കണ്ടെത്തുന്നുവെന്ന കാര്യം ഫിലേമോനു വലിയ ഉത്സാഹം നൽകിയിരിക്കണം. പൗലൊസ് തുടർന്ന് ഇങ്ങനെ പറയുന്നു: "കർത്താവായ യേശുവിൽ നിനക്കുള്ള വിശ്വാസത്തേയും സകല വിശുദ്ധരോടുമുള്ള നിന്റെ സ്നേഹത്തേയും കുറിച്ച് കേട്ടിട്ട് എന്റെ പ്രാർത്ഥനകളിൽ നിന്നെ ഓർത്ത് എന്റെ ദൈവത്തിന് എല്ലായ്പ്പോഴും സ്തോത്രം ചെയ്യുന്നു" (1:5-7). പൗലൊസ് അവനെ സന്തോഷിപ്പിക്കുവാൻ വെറുതെ മുഖസ്തുതി പറയുകയായിരുന്നില്ല. ഒരിക്കലും അങ്ങനെ ചെയ്യുന്ന ആളല്ല പൗലൊസ് . അംഗീകാരത്തിന്റെ വാക്കുകൾകൊണ്ട് അവനെ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യുന്നത്. പൗലൊസിൽ നിന്നും നാം പഠിക്കേണ്ട ഒരു ദൈവികമായ സ്വഭാവമാണിത്.

> ഒരു ദൈവദാസൻ നിനക്കുവേണ്ടി പ്രാർത്ഥിക്കുന്നു എന്ന് അറിയുന്നത് ഏതൊരാൾക്കും വലിയ ഉത്സാഹം നൽകുന്ന കാര്യമാണ്. നാം പ്രാർത്ഥനയിൽ ഓർക്കുന്ന ആളുകളുടെ പട്ടിക നോക്കിയാൽ നാം സ്നേഹിക്കുന്നവരാണ് അവരെല്ലാം എന്നു കാണാം. നാം അത്രഅധികം സ്നേഹിക്കാത്ത പല ആളുകളുണ്ടാകാം. അവർക്കുവേണ്ടി നാം എപ്പോഴും പ്രാർത്ഥിക്കാറില്ല. നാം മനുഷ്യരാകയാൽ എല്ലാവരേയും ഒരുപോലെ സ്നേഹിക്കുവാൻ കഴിയുകയില്ല. പൗലൊസ് ഫിലോമോനെ സ്നേഹിച്ചു; അവനുവേണ്ടി പ്രാർത്ഥിച്ചു.

**ഒനേസിമോസിനു വേണ്ടിയുള്ള അപേക്ഷ**

ഫിലേമോൻ ദൈവഭക്തനായ ഒരു മനുഷ്യനായിരുന്നു. അദ്ദേഹം തന്റെ ഭവനത്തിലേക്കു വന്ന ദരിദ്രരായ പല വിശ്വാസികളേയും സന്തോഷത്തോടെ സ്വീകരിച്ചിട്ടുള്ള ഒരുവനാണ്. പൗലൊസ് ഇങ്ങനെയൊരു ആവശ്യം അവനോടു പറയുന്നു: "നീ ചെയ്യേണ്ട കാര്യം നിന്നോട് കല്പിക്കുവാൻ ക്രിസ്തുവിൽ എനിക്കു സാധിക്കുമെങ്കിലും നിന്നോട് അപേക്ഷിക്കുകയാണ്" (1:8) സുവിശേഷം നിമിത്തം കാരാഗൃഹത്തിൽ ആയിരിക്കുന്ന ഒരു വൃദ്ധനാണു പൗലൊസിപ്പോൾ.

പൗലൊസ് ഫിലേമോനോട് ഇങ്ങനെ പറയുന്നു:"ഞാൻ നിന്റെ ഭവനത്തിലേക്കു കടന്നു വരുമ്പോൾ എന്നെ നീ എങ്ങനെ സ്വീകരിക്കുമോ അതു പോലെ നീ ഒനേസിമോസി നേയും സ്വീകരിക്കണം." യേശു തന്റെ പിതാവിനോട് നമ്മെക്കു റിച്ച് സംസാരിക്കന്നതിനെയാണ് ഇത് ഓർമ്മിപ്പിക്കുന്നത്. "പിതാ വേ, ഈ മകൻ ഭവനം വിട്ട് ഓടി പ്പോയി പാപത്തിൽ ജീവിച്ചു. എന്നാൽ ഞാൻ അവനെ മടക്കിക്കൊണ്ടുവന്നിരിക്കുന്നു. ദയവായി അങ്ങ് എന്നെ സ്വീക രിക്കുന്നതുപോലെ അവനെയും സ്വീകരിക്കുക". അങ്ങനെയാണ് നാം സ്വീകരിക്കപ്പെട്ടത്.

അദ്ദേഹത്തിനു ഫിലേമോനോടുള്ള ഒരേയൊരു അപേക്ഷ താൻ കാരാ ഗ്രഹത്തിൽ വച്ചു കർത്താവിങ്ക ലേക്കു നേടിയ ഒനേസിമോസിനോട് ദയ കാണിക്കണം എന്നതാണ് (1:10). ഫിലേമോന്റെ ജീവിതം തന്നെ തനിക്കു കടപ്പെട്ടതാണെന്നു പൗലൊസ് ഇവിടെ ഓർമ്മിപ്പിക്കു ന്നു (1:19). പൗലൊസിന്റെ ശുശ്രൂഷ യാൽ രക്ഷിക്കപ്പെട്ട ഒരുവനാണ വൻ. അതിനാൽ അവനോട് ചില കാര്യങ്ങൾ കല്പിക്കുവാൻ പൗലൊ സിനു സാധിക്കുമായിരുന്നു. എന്നാൽ പൗലൊസ് കല്പിക്കുക യല്ല അപേക്ഷിക്കുകയാണ് ഇവിടെ ചെയ്യുന്നത്. മഹാനായൊരു ദൈവ ദാസന്റെ കാരുണ്യം കാണുക. നമു ക്കെല്ലാവർക്കും അനുസരിക്കാവുന്ന ഒരു മാതൃകയാണിത്. നമ്മുടെ ശുശ്രൂഷയാൽ രക്ഷിക്കപ്പെട്ട ആളു കൾക്കു നമ്മോട് വലിയ ബഹുമാ നമുണ്ടായിരിക്കും. അവർ നമുക്കു വേണ്ടി എന്തും ചെയ്യുവാൻ തയ്യാ റായിരിക്കും. എനിക്കുവേണ്ടി തങ്ങ ളുടെ ജീവൻ വരെ ത്യജിക്കുവാൻ തയ്യാറുള്ള ചിലരെ എനിക്കറിയാം. ഞാൻ അവരോട് എന്തെങ്കിലും കല്പിച്ചാൽ അവർ ചെയ്തിരിക്കും. എന്നാൽ ഞാൻ അവരോട് ഒരിക്കലും ഒന്നും കല്പിക്കാറില്ല. ഞാൻ അവരോട് അഭ്യർത്ഥിക്കുക യാണ് ചെയ്യാറുള്ളത്. അങ്ങനെ യാണ് ഒരു യഥാർത്ഥ ദൈവദാസൻ പെരുമാറേണ്ടത്. അവൻ തന്റെ അധികാരം ഉപയോഗിച്ച് എന്തെ ങ്കിലും ലാഭമുണ്ടാക്കുന്നില്ല. പൗലൊസിനെപ്പോലെ കരുണയുള്ള വരായിരിക്കാൻ നമുക്കു പഠിക്കാം.

പൗലൊസിനു ഫിലേമോനിൽ നിന്നും എന്താണ് വേണ്ടത്? ഒനേസി മോസ് അവന്റെ അടുക്കൽ നിന്നും റോമിലേയ്ക്ക് ഓടിപ്പോയ ഒരു അടി മയായിരുന്നു. അവിടെ വച്ച് ദൈവ ത്തിന്റെ പരമാധികാരത്താൽ അവൻ പൗലൊസുമായി ബന്ധപ്പെടുവാനും രക്ഷയിലേക്കു വരുവാനും ഇടയായി.

ഒരു അടിമ തന്റെ യജമാനന്റെ അടുക്കൽ നിന്നും ഓടിപ്പോയതിനു ശേഷം പിന്നീട് അവനെ കണ്ടാൽ യജമാനന് അവനെ കൊല്ലുവാൻ ആ കാലഘട്ടത്തിലെ നിയമം അനു വദിച്ചിരുന്നു. അന്ന് അടിമകൾക്കു യാതൊരു അവകാശവും ഇല്ലായിരു ന്നു. പൗലൊസ് ഫിലേമോനോട് ഒരു ആനുകൂല്യം ആവശ്യപ്പെട്ടത് തനി ക്കുവേണ്ടി ആയിരുന്നില്ല. മറിച്ച് അത് മറ്റൊരാൾക്ക് വേണ്ടി ആയിരുന്നു. തനിക്കായിട്ട് ഒന്നും ആവശ്യപ്പെ ടാത്ത ഒരു ദൈവമനുഷ്യനായിരുന്നു പൗലൊസ്. ഒനേസിമോസ് തിരികെ വരുന്നത് ക്രിസ്തുവിൽ ഒരു സഹോ

ദരനായിട്ടാണ്. "ഒരിക്കൽ അവൻ അടിമയായിരുന്നു. ഇപ്പോൾ അവനൊരു സഹോദരനാണ്" എന്നാണ് പൗലൊസ് ഫിലേമോനോട് പറയുന്നത്. അവനെ ഒരു സഹോദരനായി തിരികെ കൊണ്ടുവരുന്നതിനു ഈ ഒളിച്ചോട്ടത്തെ ദൈവം ഉപയോഗിച്ചു (1:15). തനിക്കുവേണ്ടി ഒനേസിമോസിനെ ഒരു സഹോദരനായി സ്വീകരിക്കണമെന്നാണ് പൗലൊസ് ഫിലേമോനോട് അഭ്യർത്ഥിക്കുന്നത്. ഒനേസിമോസ് എന്ന പേരിന്റെ അർത്ഥം "ഉപയോഗമുള്ളത്" എന്നാണ്. അവൻ ഫിലേമോനു ഭാവിയിൽ വളരെ ഉപയോഗമുള്ളവനായിരിക്കും എന്നാണ് പൗലൊസ് പറയുന്നത്.

പൗലൊസ് ഫിലേമോനോട് ഇങ്ങനെ പറയുന്നു:"ഞാൻ നിന്റെ ഭവനത്തിലേക്കു കടന്നു വരുന്നു എന്നു കരുതുക. അപ്പോൾ എന്നെ നീ എങ്ങനെ സ്വീകരിക്കുമോ അതുപോലെ നീ ഒനേസിമോസിനേയും സ്വീകരിക്കണം.'' യേശു തന്റെ പിതാവിനോട് നമ്മെക്കുറിച്ച് സംസാരിക്കുന്നതിനെയാണ് ഇത് ഓർമ്മിപ്പിക്കുന്നത്. ''പിതാവേ, ഈ മകൻ ഭവനം വിട്ട് ഓടിപ്പോയി ദൈവമില്ലാത്തവനായി പാപത്തിൽ ജീവിച്ചു. എന്നാൽ ഞാൻ അവനെ കണ്ടെത്തി മടക്കിക്കൊണ്ടുവന്നിരിക്കുന്നു. ദയവായി അവനെ സ്വീകരിക്കുക. അങ്ങ് എന്നെ സ്വീകരിക്കുന്നതുപോലെ അവനെയും സ്വീകരിക്കുക". അങ്ങനെയാണ് നാം സ്വീകരിക്കപ്പെട്ടത്. യേശുവിനെ സ്നേഹിച്ചു സ്വീകരിച്ചതുപോലെ തന്നെ പിതാവായ ദൈവം നമ്മേയും സ്നേഹിച്ച് സ്വീകരിക്കുന്നു (യോഹ.17:23).

പിന്നീട് പൗലൊസ് പറഞ്ഞു: "ഒനേസിമോസ് നിന്നോട് എന്തെങ്കിലും ദോഷം ചെയ്യുകയോ കടപ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത് എന്റെ പേരിൽ കണക്കിട്ടുകൊള്ളുക. ഞാൻ തന്നു തീർത്തുകൊള്ളാം." അതുതന്നെയാണ് യേശുവും പറഞ്ഞത്. "അവൻ ചെയ്ത ആ പാപങ്ങൾ എന്റെ പേരിൽ കണക്കിട്ടുകൊള്ളുക''-ഇതായിരിക്കണം എല്ലാ ദൈവഭക്തരായ ആളുകളുടേയും മനോഭാവം. "എന്റെ പേരിൽ കണക്കിട്ടുകൊള്ളുക. അവൻ കടപ്പെട്ടിരിക്കുന്നതെല്ലാം ഞാൻ തന്നുതീർത്തുകൊള്ളാം.'' താൻ ദൈവത്തിങ്കലേക്കു നടത്തിയ ഒരു മനുഷ്യനെ സഹായിക്കുന്നതിനുള്ള പൗലൊസിന്റെ മനോഭാവം എത്ര മഹത്തരമാണെന്നു കാണുക. ഇവിടെ ഇതാ ഒരു പ്രസംഗകൻ, തനിക്കുവേണ്ടി പണം ആവശ്യപ്പെടാതെ മറ്റൊരു വിശ്വാസിക്കു പണം വാഗ്ദാനം ചെയ്തു സഹായിക്കുന്ന ഇങ്ങനെയൊരു പ്രസംഗകനെ നിങ്ങൾ കണ്ടിട്ടുണ്ടോ?

സഭകളിൽ നിന്നും പണം ലഭിച്ചുകൊണ്ടിരുന്ന ഒരുവനായിരുന്നില്ല പൗലൊസ് എന്നു നാം ഓർക്കണം. എന്നാൽ താൻ കൂടാരപ്പണിചെയ്ത് സമ്പാദിച്ച അല്പം പണം കൊണ്ട് ഓനേസിമോസിനോട് പറയുന്നു: ''എനിക്കുള്ളതുകൊണ്ട് നിന്നെ സഹായിക്കാം. നിന്റെ കടം വീട്ടാൻ സഹായിക്കാം.'' എത്ര മഹത്തായൊരു മാതൃക! ദരിദ്രരായവരിൽ നിന്നും പണം സ്വീകരിക്കുന്നതിനു പകരം ദരിദ്രരെ പണം നൽകി സഹായിക്കുന്ന പ്രസംഗകർ നമുക്കു അധികം ഉണ്ടായിരുന്നുവെങ്കിൽ ഈ ലോകം കാണുന്ന ക്രിസ്തീയത എത്ര വ്യത്യസ്തമായിരുന്നേനെ!

(തുടരും)

മൊഴിമാറ്റം : **സാജു ജോസഫ്**

വചനദീപം

### വിശുദ്ധജീവിതം–24

# അവിശ്വാസത്തിന്റെ റാഞ്ചൻപക്ഷികൾ

സാമുവൽലോഗൻ ബ്രെങ്കിൾ



**വി**ശുദ്ധജീവിതത്തിനെതിരെ ശത്രു തന്റെ സകല തന്ത്രങ്ങളും ഉപയോഗിക്കുയും അതിനെ സർവ്വ ശക്തിയോടുകൂടെ എതിർക്കുകയും ചെയ്യും. എന്നാൽ അവൻ തോല്പി ക്കപ്പെട്ട ശത്രു ആണെന്നും വിശുദ്ധ ജീവിതത്തിന്റെ മാർഗ്ഗത്തിൽ നട ക്കുന്ന വിശ്വാസിയോട് അവന്റെ തന്ത്രങ്ങൾ ഒന്നും ഫലിക്കുകയില്ല എന്നും നാം മനസ്സിലാക്കുന്നു.

ഉല്പത്തി 15–ാം അദ്ധ്യായത്തിൽ അബ്രഹാമിന്റെ യാഗങ്ങളെക്കുറി ച്ചാണു നാം വായിക്കുന്നത്. വിശുദ്ധ ജീവിതത്തിനുവേണ്ടി സമ്പൂർണ്ണ മായി സമർപ്പിക്കുന്ന ഒരു വിശ്വാസി യുടെ ചിത്രമാണിത്. അബ്രഹാം മൃഗങ്ങളെയും പക്ഷികളെയും യഹോവയ്ക്ക് യാഗം കഴിച്ചു. താൻ യാഗമൃഗങ്ങളെ യാഗം കഴിച്ചശേഷം ദൈവത്തിനായി കാത്തിരുന്നു. അബ്രഹാമിന്റെ യാഗവസ്തുക്കളെ അപഹരിക്കുന്നതിനാണു റാഞ്ചൻപ ക്ഷികൾ വന്നത്. എന്നാൽ അബ്രഹാം അവയെ ആട്ടിക്കളഞ്ഞു. സന്ധ്യായാമംവരെ അബ്രഹാം ശത്രുവിനെ ആട്ടിപ്പായിച്ചുകൊണ്ടിരു ന്നു. സന്ധ്യാസമയത്ത് യഹോവ യുടെ അഗ്നി അബ്രഹാമിന്റെ യാഗ ത്തിന്മേൽ ഇറങ്ങി.

വിശുദ്ധീകരണത്തിന്റെ അനുഭവ ത്തിനുവേണ്ടി ആഗ്രഹിക്കുന്നവർ ഒന്നാമതായി തങ്ങളെത്തന്നെ സമ്പൂർണ്ണമായി പ്രതിഷ്ഠിക്കേണ്ട താണ്. ഇത് യഥാർത്ഥമായ അനുഭ വമായിരിക്കണം. നമ്മുടെ സകല പ്രതീക്ഷകളും, പരിപാടികളും, സാദ്ധ്യതകളും, വസ്തുവകകളും, മനസ്സിന്റെയും ശരീരത്തിന്റെയും ശക്തികളും ചിന്താകുലങ്ങളും, ഭാര ങ്ങളും സന്തോഷങ്ങളും സന്താപങ്ങ ളും, സല്ക്കീർത്തികളും ഒരുപോലെ വ്യവസ്ഥകൂടാതെ ദൈവത്തിനായി സമർപ്പിക്കേണ്ടതാണ്. യേശുക്രി സ്തുവിനുവേണ്ടി എന്തും ഏതും

ആയിത്തീരുവാനും എന്തും ചെയ്‌വാനും, എവിടെയും പോകാനും ഉള്ള സന്നദ്ധതയോടു കൂടെ സമ്പൂർണ്ണമായി പ്രതിഷ്ഠിച്ച തിന്റെശേഷം അബ്രഹാമിനെ പ്പോലെ ദൈവം തന്റെ യാഗത്തി ന്മേൽ അഗ്നി അയക്കേണ്ടതിനായി കാത്തിരിക്കണം. "ദർശനത്തിന് ഒരു അവധി വച്ചിരിക്കുന്നു; അത് സമാ പ്തിയിലേക്ക് ബദ്ധപ്പെടുന്നു; സമയം തെറ്റുകയുമില്ല; അത് വൈകിയാലും അതിനായി കാത്തി രിക്ക; അതു വരും നിശ്ചയം; താമ സിക്കയുമില്ല" (ഹബ.2:3)

ഇപ്രകാരം ദൈവം നമ്മുടെ പ്രതി ഷ്ഠയെ അംഗീകരിക്കേണ്ടതിന് കാത്തിരിക്കുന്ന അവസരത്തിലാണ് ശത്രു റാഞ്ചൻപക്ഷികളെ അയക്കു ന്നത്. നീ നിന്നെത്തന്നെ സമ്പൂർണ്ണ മായി പ്രതിഷ്ഠിച്ചു. എന്നാൽ നിന്റെ ജീവിതത്തിൽ ഒരു വ്യത്യാസവും നിനക്ക് അനുഭവമാകുന്നില്ലല്ലോ എന്നു ശത്രു നമ്മോടു മന്ത്രിക്കാം. ഇത് ശത്രുവിന്റെ റാഞ്ചൻ പക്ഷിയാ ണ്. അതിനെ ആട്ടിക്കളയുക. വികാ രങ്ങൾ ഉണ്ടാകണമെങ്കിൽ വികാര ങ്ങളെ കേന്ദ്രീകരിക്കുന്നതിന് ഒരു വസ്തു ഉണ്ടായിരിക്കേണ്ടതാണ്. സ്നേഹത്തിന്റെ വികാരം ഉണർത്ത പ്പെടേണ്ടതിന് നാം സ്നേഹിക്കുന്ന ഒരാളെക്കുറിച്ചുള്ള ചിന്ത നമ്മിൽ ഉണ്ടാകണം. എന്നാൽ അപ്രകാര മുള്ള ഒന്നിനെക്കുറിച്ച് ചിന്തിക്കാതെ യിരിക്കുമ്പോൾ സ്നേഹം നമ്മുടെ ഉള്ളിൽ ഉണ്ടോ എന്ന് പരിശോധി ച്ചാൽ അത് ഇല്ല എന്ന് തോന്നാവു ന്നതാണ്. അതിനാൽ ആ വ്യക്തി യോട് നമുക്ക് സ്നേഹമില്ല എന്നർത്ഥമില്ല. അതിനാൽ യേശുക്രി സ്തുവിനെ ധ്യാനിച്ചുകൊൾക. വികാരങ്ങൾക്ക് പ്രാധാന്യം കൊടു ക്കരുത്.

"നിന്റെ പ്രതിഷ്ഠ പൂർണ്ണമായിരു ന്നില്ല. അതിനാൽ വീണ്ടും പ്രതി ഷ്ഠിക്കേണ്ടതാണ് ആവശ്യം" എന്നു വേറൊരു ശബ്ദം നാം കേൾക്കുന്നു. അത് വേറൊരു റാഞ്ചൻ പക്ഷിയാ ണ്. അതിനെയും ആട്ടിക്കളക. നിന്റെ പ്രതിഷ്ഠയെ പരിശോധിക്കു കയും വീണ്ടും പ്രതിഷ്ഠിക്കുന്നതിന് പ്രേരണ നല്കുകയും ചെയ്യുന്നതി നാൽ ദൈവത്തിന്റെ വാഗ്ദാനങ്ങളെ നിന്റെ അവകാശമാക്കാൻ കഴിയാത വണ്ണം നിന്റെ ശ്രദ്ധയെ പതറിക്കു കയും ചെയ്യുന്നത് ശത്രുവിന്റെ ഒരു തന്ത്രമാണ്. ദൈവത്തിന്റെ വാഗ്ദാ നങ്ങളെ കാണാൻ കഴിയാതെയിരു ന്നാൽ വിശ്വസിക്കാൻ കഴിയുന്നതല്ല.

മറ്റുള്ളവർ അവർക്കുണ്ട് എന്നു പറയുന്ന ശക്തി നിനക്കില്ല - ഇതു ശത്രു അയയ്ക്കുന്ന മറ്റൊരു റാഞ്ചൻപക്ഷിയാണ്. അതിനെയും ആട്ടിപ്പായിക്കുക. ഞാൻ സകല ത്തെയും ത്യജിച്ചിരിക്കുന്നു എങ്കിലും ഞാൻ പ്രതീക്ഷിച്ച വിധത്തിലുള്ള സന്തോഷം എനിക്ക് അനുഭവുമായിട്ടില്ല എന്നു ഒരു സഹോദരി എന്നോടു പറഞ്ഞു. "സന്തോഷത്തെ അന്വേഷിക്കുന്നവ രല്ല, നീതിക്കായി വിശന്നു ദാഹിക്കു ന്നവരാണു തിന്നു തൃപ്തിപ്രാപിക്കു ന്നത് എന്നു ഞാൻ അവളോടു പറ ഞ്ഞു. വിശ്വാസം എന്നുള്ളതു മനു ഷ്യനു ഗ്രഹിക്കാൻ കഴിയാത്തതാ ണ്. അതിനാൽ 'എന്റെ അവിശ്വാസ ത്തിനു സഹായിക്കണമേ' എന്നു പ്രാർത്ഥിക്കുക-ഇതാണു സാത്താൻ അയയ്ക്കുന്ന വേറൊരു റാഞ്ചൻ പക്ഷി. അതിനെയും ഓടിച്ചുകളയു ക. വിശ്വാസം ഏറ്റവും ലളിതമായ ഒന്നാണ്. യേശു ക്രിസ്തു പറഞ്ഞി രിക്കുന്ന വചനങ്ങളിൽ വിശ്വസിക്കു

> വിശ്വാസത്തിൽ ഒരു കാൽച്ചുവടു വെച്ചാൽ നാം വിശ്വസിച്ചത് പരസ്യമായി പ്രസ്താവിക്കണമെന്നാണ് ദൈവം നമ്മെക്കുറിച്ചു ആഗ്രഹിക്കുന്നത്. നമ്മുടെ ഉള്ളിൽ ഉറപ്പായ ബോധ്യമുള്ള കാര്യങ്ങൾ പരസ്യമായി പ്രഖ്യാപിക്കേണ്ടതിന് മടിക്കേണ്ട ആവശ്യമില്ലല്ലോ. "രക്ഷയ്ക്കായി വായ്കൊണ്ട് ഏറ്റുപറയുന്നു" എന്നു പറയുന്നതിൽ ഒരു വലിയ സത്യമുണ്ട്. നീ വിശുദ്ധീകരണത്തിന്റെ അനുഭവം പ്രാപിച്ചിരിക്കുന്നു എങ്കിൽ സകല ധൈര്യത്തോടും നിന്റെ അനുഭവത്തെക്കുറിച്ച് സാക്ഷിക്കുക.

ന്നതും അവന്റെ വാഗ്ദത്തങ്ങളിൽ അവൻ പറഞ്ഞിരിക്കുന്നതിന് ഒരു വ്യത്യാസവും വരുത്തുകയില്ല എന്നും ആ വാഗ്ദാനങ്ങൾ നിനക്കുള്ളവയാണ് എന്നും വിശ്വസിക്കുന്നതും അത്രെ വിശ്വാസം.

സാത്താനോടു വാദിക്കുവാൻ ശ്രമിക്കരുത്. അവനോട് എതിർത്തു നില്ക്കയാണു ചെയ്യേണ്ടത്. "വരുവിൻ നമുക്ക് തമ്മിൽ വാദിക്കാം" എന്നു യഹോവയത്രെ അരുളിച്ചെയ്തത് (യെശ.1:18). ഒരു രാത്രിയിലത്തെ യോഗത്തിൽ വിശുദ്ധീകരണത്തിന്റെ അനുഭവത്തിനുവേണ്ടി മുമ്പോട്ടുവന്ന് മുട്ടുകുത്തിയവരിൽ ഒരാൾഇപ്രകാരം പറഞ്ഞു. "ഞാൻ എന്നെ പൂർണ്ണമായി കർത്താവിനു വിട്ടുകൊടുക്കുന്നു. എനിക്ക് തന്നിട്ടുള്ള ശക്തിയോടുകൂടെ ഞാൻ അവനുവേണ്ടി ജീവിക്കുകയും ചെയ്യും. കർത്താവിന്റെ ഹിതംപോലെ അവന്റെ സമയത്ത് തന്റെ നിറവിനാൽ എന്നെ നിറയ്ക്കട്ടെ" അവൻ അപ്രകാരം ചെയ്യുകയില്ലയോ എന്നു എന്നോടു അവൻ ചോദിച്ചതിന് "നിശ്ചയമായും ചെയ്യും, അവൻ അപ്രകാരം വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ" എന്നു ഞാൻ അവനോട് മറുപടി പറഞ്ഞു. അവൻ വാഗ്ദത്തം ചെയ്തിട്ടുള്ളതുതന്നെ എന്ന് ഞാൻ പറഞ്ഞപ്പോൾ അവന്റെ മുഖം പ്രകാശിച്ചു. ദൈവത്തിനു സ്തോത്രം. അവൻ വാഗ്ദത്തം ചെയ്തതുപോലെ നിവർത്തിക്കും എന്ന് അവൻ പറഞ്ഞു. "കർത്താവേ, നീ വാഗ്ദത്തം ചെയ്തതാണ്. അത് നിവർത്തിക്കേണമേ" എന്ന് കർത്താവിനോട് നമുക്ക് വാദിക്കാം. എന്നാൽ അവനോടുകൂടെ മുട്ടുകുത്തിയവരിൽ പലരും സാത്താനോടു വാദിക്കുവാൻ തുടങ്ങി. അവർ ഉറപ്പുലഭിക്കാത്തവരായി തിരികെപോയി.

വിശ്വാസത്തിൽ ഒരു കാൽച്ചുവടു വെച്ചാൽ നാം വിശ്വസിച്ചത് പരസ്യമായി പ്രസ്താവിക്കണമെന്നാണ് ദൈവം നമ്മെക്കുറിച്ചു ആഗ്രഹിക്കുന്നത്. നമ്മുടെ ഉള്ളിൽ ഉറപ്പായ ബോധ്യമുള്ള കാര്യങ്ങൾ പരസ്യമായി പ്രഖ്യാപിക്കേണ്ടതിന് മടിക്കേണ്ട ആവശ്യമില്ലല്ലോ. "രക്ഷയ്ക്കായി വായ്കൊണ്ട് ഏറ്റുപറയുന്നു" എന്നു പറയുന്നതിൽ ഒരു വലിയ സത്യമുണ്ട്. നീ വിശുദ്ധീകരണത്തിന്റെ അനുഭവം പ്രാപിച്ചിരിക്കുന്നു എങ്കിൽ സകല ധൈര്യത്തോടും മനുഷ്യരെയോ പിശാചിനെയോ ഭയപ്പെടാതെ നിന്റെ അനുഭവത്തെക്കുറിച്ച് സാക്ഷിക്കുക. "യഹോവയ്ക്കു വിശുദ്ധം" എന്നു നീ നിന്നെത്തന്നെ വേർതിരിച്ച് പ്രതിഷ്ഠിച്ചത് വായ്കൊണ്ട് ഏറ്റുപറയേണ്ടതാണ്. അപ്രകാരം ചെയ്യാതെയി

# കീഴടക്കത്തിന്റെ മഹത്വം

*21-ാം പേജിൽ നിന്നു തുടർച്ച*

താഴ്ന്ന് ഒരു ദൂതനായി വരാനല്ല യേശു തുനിഞ്ഞത്. പിന്നെയോ അതിനേക്കാളും താഴ്ത്തി ഒരു മനുഷ്യനായി വരാനാണ്. പിന്നീട് ഒരു അടിമയുടെ തലത്തിലേക്ക് അവിടുന്നു വീണ്ടും തന്നെത്തന്നെ താഴ്ത്തി. അടിമയ്ക്കൊരിക്കലും ഒരവകാശമോ ചോദ്യംചെയ്യാനുള്ള അധികാരമോ ഉണ്ടായിരുന്നില്ല. ഒന്നാം നൂറ്റാണ്ടിൽ അടിമകളെ പട്ടിണിയിടാനോ, കൊല്ലാനോ കഴിയുമായിരുന്നു. അവരെ പരിരക്ഷിക്കാൻ യാതൊരു നിയമവും ഉണ്ടായിരുന്നില്ല. യേശു ഒരടിമയേക്കാൾ തന്നെ താഴ്ത്തിയിട്ട് ഒരു കുറ്റവാളിയെപ്പോലെ നമുക്ക് വേണ്ടി എണ്ണപ്പെട്ടു. അദ്ദേഹം കാൽവറിയിൽ മരിച്ചു. വീണുപോയ മനുഷ്യവർഗ്ഗത്തോടുള്ള യേശുവിന്റെ ആശ്ചര്യകരമായ സ്നേഹം ഇവിടെ നമുക്ക് കാണാം.

നമ്മുടെ കർത്താവ് ഇങ്ങനെ സ്വയം താഴാൻ തയ്യാറായി എങ്കിൽ നാമും നമ്മുടെ ഉന്നതഭാവം വെടിഞ്ഞ് താഴാൻ തയ്യാറാവണം. അങ്ങനെ നാമും യേശുവിന്റെ ജീവിതത്തിൽ നിന്ന് കീഴടങ്ങലും സൗമ്യതയും പഠിക്കണം.

സാത്താന്റെ ഉന്നതഭാവവും മത്സരവും കാരണം അവൻ സ്വർഗ്ഗത്തിൽ നിന്നും പുറത്താക്കപ്പെട്ടു. എന്നാൽ യേശു ജീവിതകാലം മുഴുവൻ പിതാവിന് എല്ലാ കാര്യത്തിലും കീഴടങ്ങിയിരുന്നു. അന്തിമമായി ക്രൂശിലെ മരണത്തോളം അവൻ അനുസരണമു

---

രുന്നാൽ ശത്രുനിന്നിൽ സംശയങ്ങൾ ഉളവാക്കിക്കൊണ്ടിരിക്കും.

“ദൈവം എന്നെ സമ്പൂർണ്ണമായി വിശുദ്ധീകരിച്ചിരിക്കുന്നു.” എന്നു സാക്ഷിക്കുവാൻ എനിക്ക് വളരെ മടിയായിരുന്നു. അപ്രകാരം സാക്ഷ്യം പറഞ്ഞതിന്റെശേഷം ഒരു തോൽവി വന്നാൽ അത് ദൈവനാമത്തിന് അപമാനമാകുമല്ലോ എന്നുള്ളതായിരുന്നു എന്റെ ന്യായം. “എന്നാൽ തോൽവിക്ക് മറപിടിക്കുവാൻ ശത്രു ഉപയോഗിക്കുന്ന മാർഗ്ഗമാണ് ഞാൻ എന്റെ അനുഭവത്തെക്കുറിച്ച് സാക്ഷിക്കാതെയിരിക്കാനുള്ള ആലോചന തരുന്നത് എന്ന് ഇപ്പോഴാണ് എനിക്ക് മനസ്സിലായത്” എന്ന് ഒരു സഹോദരി എന്നോട് പറഞ്ഞു.

“ഞാൻ ക്രിസ്തീയപൂർണ്ണത പ്രാപിച്ചിരിക്കുന്നു എന്ന് അഭിമാനിക്കുന്നില്ല” എന്ന് നിന്നെക്കൊണ്ട് പറയിക്കുന്നത് സാത്താനാണ്. നിന്റെ അനുഭവത്തെ ഉറപ്പിച്ചു പറയാതെയിരിക്കാൻ ശത്രുവാണു പ്രവർത്തിക്കുന്നത്. ഇപ്രകാരം പല റാഞ്ചൻപക്ഷികൾ നിന്റെ യാഗത്തെ വിഴുങ്ങിക്കളയേണ്ടതിനായി അടുത്തുവരും. നിന്റെ അനുഭവത്തിൽനിന്ന് വഴുതാതെ നിന്നെ സൂക്ഷിക്കുന്നത് ദൈവമാണ്. നിനക്ക് നിന്നെത്തന്നെ സൂക്ഷിപ്പാൻ സാദ്ധ്യമല്ല.

അതിനാൽ നീ ചെയ്‌വാൻ ദൈവം നിന്നോട് പറഞ്ഞത് ചെയ്തതിന്റെ ശേഷം ദൈവത്തെ വിശ്വസിച്ചുകൊണ്ട് നിന്റെ അനുഭവത്തെക്കുറിച്ച് സാക്ഷ്യം പറയുക. സാത്താനോട് എതിർത്തുനിൽപ്പിൻ; അവൻ നിങ്ങളെ വിട്ടുപോകും.

❖

ളളവനായിരുന്നു. നമ്മെ വീണ്ടെടുത്തു. കീഴടങ്ങലിലൂടെ സ്വർഗ്ഗം തുറന്നുതന്നു. അങ്ങനെ നമുക്ക് സ്വർഗ്ഗീയ പിതാവുമായുള്ള നിത്യമായ കൂട്ടായ്മയ്ക്കു യേശു വഴി തുറന്നു. ഇതാണ് കീഴടങ്ങലിന്റെ ശക്തി.

1. പത്രോസ് 3ന്റെ ഒന്നുമുതൽ നാലുവരെ പറയുന്നു: താഴ്മയും സാവധാനതയുമുള്ള ഭാര്യയ്ക്ക് ഒരു വാക്കുപോലും സംസാരിക്കാതെ മാനസാന്തരപ്പെടാത്ത ഭർത്താവിനെ കർത്താവിങ്കലേക്ക് നയിക്കാൻ സാധിക്കും. കീഴ്പെട്ടിരിക്കുന്ന ഒരു ഭാര്യയിലൂടെ അത്ഭുതങ്ങൾ ചെയ്യാൻ സാധിക്കും.

ദൈവം നിങ്ങൾക്ക് ഒരു നല്ല ഭർത്താവിനെയാണ് തന്നതെങ്കിൽ വളരെ എളുപ്പത്തിൽ നിങ്ങൾക്ക് അദ്ദേഹത്തിന് സസന്തോഷം കീഴടങ്ങാൻ സാധിക്കും.

എഫേ:5:22-ൽ ഭാര്യമാരോട് കീഴടങ്ങിയിരിക്കാൻ പറയുന്നത് ദൈവത്തിന്റെ ഒരു കല്പനയാണ്. ദൈവത്തിന്റെ വചനത്തിൽ നാം ഇങ്ങനെ കാണുമ്പോൾ, ദൈവത്തെ ഭയപ്പെടുന്നുവെങ്കിൽ ചോദ്യം ചെയ്യാതെ നാം അത് അനുസരിക്കും. ബൈബിളിൽ പറയുന്ന എല്ലാ കല്പനകളും അനുസരിക്കാൻ ദൈവം തന്റെ സഹായവും വാഗ്ദനവും ചെയ്തിട്ടുണ്ട്. അതുകൊണ്ട് അവിടുന്നു നമ്മെ ഇവിടെയും സഹായിക്കും. അങ്ങനെ പ്രയാസമില്ലാതെതന്നെ ഭർത്താവിന് കീഴ്പ്പെടാൻ നമുക്ക് സാധിക്കും.

ചില ആളുകൾ സഹതാപത്തോടുകൂടെ നമ്മോടു പറഞ്ഞെന്നിരിക്കും: “നിങ്ങൾ ക്രിസ്ത്യാനികളുടെ കാര്യം വലിയ കഷ്ടമാണ്. ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിക്കണമെന്നത് എന്തു കഷ്ടമാണ്! നിങ്ങൾക്ക് ഇതെങ്ങനെ ചെയ്യാൻ കഴിയും? എന്തുകൊണ്ടാണ് നിങ്ങൾ നിങ്ങളുടെ അവകാശത്തിന് വേണ്ടി പോരാടാത്തത്?”

എന്നാൽ ദൈവത്തെ അനുസരിക്കുകയെന്നത് ഏറ്റവും സന്തോഷകരമായ കാര്യമണെന്ന് അവർക്ക് അറിയില്ല. യേശു ഭൂമിയിൽ ജീവിച്ചതുപോലെ ജീവിക്കുന്നതിലധികമുള്ള ഒരു സന്തോഷം ഒന്നിനും തരാൻ കഴിയുകയില്ല. “അവനിൽ വസിക്കുന്നുവെന്ന് പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു.” (1.യോഹ.2:6)

ദൈവത്തിന്റെ ഇഷ്ടത്തിനു വേണ്ടി യേശു തന്നെത്താൻ താഴ്ത്തി തന്റെ ജീവിതകാലം മുഴുവൻ ഈ ഭൂമിയിൽ ജീവിച്ചതുപോലെ ഒരു ഭാര്യയെന്ന നിലയിൽ യേശുവിനെ പിൻപറ്റുവാൻ ദൈവം നമുക്ക് എത്രവലിയ അവസരമാണ് തന്നിരിക്കുന്നത്!

നാം ദൈവത്തെ പ്രസാദിപ്പിച്ചു ജീവിക്കാൻ ശ്രമിക്കുമ്പോൾ അവൻ നമ്മെ ഈ ലോകത്തിന് ഒരിക്കലും തരാൻ സാധിക്കാത്ത സന്തോഷവും സമാധാനവും കൊണ്ടുനിറയ്ക്കും. ഇങ്ങനെ ഒരു ജീവിതം ഞാൻ തിരഞ്ഞെടുത്തുവെന്നതിനാൽ ഈ സമാധാനവും സന്തോഷവും എന്റെ ജീവിതത്തിൽ കൂടുതൽ കൂടുതലായി അനുഭവിക്കുവാൻ സാധിച്ചിട്ടുണ്ട്.

ഞങ്ങളുടെ വിവാഹം കഴിഞ്ഞിട്ട് 46 വർഷം കഴിഞ്ഞു. എനിക്ക് സത്യസന്ധമായി പറയാൻ സാധിക്കും- ഭർത്താവിനു കീഴ്പ്പെടുകയെന്ന ദൈവത്തിന്റെ കല്പനയും മറ്റെല്ലാ കല്പനയും അനുസരിച്ച് ജീവിക്കുന്ന ഒരു ജീവിതമാണ് ഏറ്റവും സന്തോഷകരമായ വിവാഹ ജീവിതം. ചിലപ്പോഴൊക്കെ എനിക്ക്

കീഴ്പ്പെടുവാൻ കഴിയാതെ വന്നു എന്നതാണ് എന്റെ ഒരേ ഒരു വിഷമം. ഇങ്ങനെ ഒരു ജീവിതം ജീവിക്കുവാനുള്ള ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ശക്തിക്കായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു. നാം വീണുപോയ സന്ദർഭങ്ങളിൽ നമ്മോട് ക്ഷമിച്ച് നമ്മെ താങ്ങുന്ന ദൈവത്തിന്റെ കൃപ ഓർത്ത് ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

1 പത്രോസ് 3ന്റെ 1-6ൽ പരിശുദ്ധാത്മാവ് നമുക്കു സാറയുടെ ഉദാഹരണം കാണിച്ചുതരുന്നുണ്ട്. തന്റെ ഭർത്താവായ അബ്രഹാമിനെ നടത്തുന്നവനായി അവൾ ദൈവത്തെ വിശ്വസിച്ചു. അതുകൊണ്ട് അവൾ ഭർത്താവിനെ അനുഗമിച്ചു. പല അവസരത്തിലും അത് അവൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കിക്കാണും. ഉദാഹരണത്തിന് സാറാ തന്റെ സഹോദരിയാണെന്ന് അബ്രഹാം പറഞ്ഞതു മൂലം അവൾ ഒരു ജാതീയ രാജാവിന്റെ കയ്യിൽ അകപ്പെട്ടുപോയി. എന്നാൽ ദൈവം അവളെ അവിടെ സംരക്ഷിച്ചു. ആ ദൈവം നമ്മെയും സംരക്ഷിക്കാൻ ശക്തനാണ്. തന്റെ മകനെ യാഗം അർപ്പിക്കുവാൻ ദൈവം അബ്രഹാമിനോട് പറഞ്ഞെന്ന് സാറാ അറിഞ്ഞപ്പോൾ അവൾ ദൈവത്തെ വിശ്വസിച്ചില്ലായിരുന്നുവെങ്കിൽ അവൾക്കത് എത്ര പ്രയാസം ഉണ്ടാക്കുമായിരുന്നു! ദൈവത്തെ അനുസരിക്കേണ്ടത് അബ്രഹാമിന് വളരെ പ്രയാസമുള്ള കാര്യമായിത്തീരത്തക്കവണ്ണം അവൾക്ക് പെരുമാറാമായിരുന്നു.

നാം ഭർത്താവിന് കീഴടങ്ങിയിരിക്കുമ്പോൾ യഥാർത്ഥത്തിൽ നാം നമ്മുടെ തലയാകുന്ന ഭർത്താവിലൂടെ നമ്മുടെ കുടുംബത്തെ നയിക്കുവാൻ ദൈവത്തിൽ വിശ്വസിക്കുകയാണ് ചെയ്യുന്നത്.

1 കൊരിന്ത്യർ 11:3 ൽ ദൈവത്തിന്റെ അധികാരത്തിന്റെ വിധം പറയുന്നുണ്ട്. “ഏതു പുരുഷന്റെയും തല ക്രിസ്തു, സ്ത്രീയുടെ തല പുരുഷൻ, ക്രിസ്തുവിന്റെ തല ദൈവം.”

യേശുവും പിതാവും തുല്യരായിരുന്നിട്ടുപോലും പിതാവിന് കീഴടങ്ങാൻ യേശു തയ്യാറായതുപോലെ, നാമും ഭർത്താക്കന്മാർക്ക് തുല്യരായിരിക്കുമ്പോൾ തന്നെ ഭർത്താവിന് കീഴടങ്ങിയിരിക്കുവാൻ തയ്യാറാവണം. കാരണം ഇത് ദൈവത്തിന്റെ കല്പനയാണ്. നാം ആ കല്പനയെ അനുസരിക്കുമ്പോൾ ദൈവത്തിന്റെ അനുഗ്രഹം നമ്മുടെ ഭവനങ്ങളിലേക്ക് വരുമെന്നു നമുക്ക് പ്രതീക്ഷിക്കാം.

നമുക്ക് നമ്മുടെ കാഴ്ചപ്പാട് ഭർത്താക്കന്മാരോട് തുറന്നുപറയാം. എന്നാൽ അന്തിമതീരുമാനം എടുക്കേണ്ടിവരുമ്പോൾ അദ്ദേഹം ശരിയായ ഒരു തീരുമാനം എടുക്കുവാനും, കാര്യങ്ങളെ നിയന്ത്രിക്കുവാനുമായി നാം കർത്താവിൽ വിശ്വസിക്കണം. എന്റെ കാഴ്ചപ്പാട് ഭർത്താവിൽ നിന്നും വ്യത്യസ്തമാണെങ്കിലും അന്തിമ തീരുമാനം എടുക്കാൻ ഞാൻ എന്റെ ഭർത്താവിനെ അനുവദിക്കുന്നു. ഞാൻ എന്റെ ഭവനത്തിൽ ദൈവത്തിന്റെ കല്പനയെ ബഹുമാനിക്കുന്നത് എന്റെ കുട്ടികൾ കാണുന്നത് അവർക്ക് നല്ലതാണ്.

എഫേ. 5:22,32-ൽ പറയുന്നു. ക്രിസ്തുവും സഭയുമായുള്ള ബന്ധം പോലെയാണ് ഭാര്യഭർത്തൃബന്ധം. ഈ മർമ്മം വലിയത് എന്നും അവിടെ പറയുന്നു. ഭർത്താവിന് കീഴ്പ്പെട്ടിരിക്കുന്ന ഒരു ഭാര്യ ലോകത്തെ കാണിക്കുന്നത് സഭ ക്രിസ്തുവിന് കീഴ്പ്പെട്ടിരിക്കുന്നു

**ഓട്ടം തികച്ച്**

## വിയറ്റ്നാമിൽ വിശ്വാസത്തിനുവേണ്ടി-2

# റൂത്തിന്റെ രക്തസാക്ഷിത്വമരണം

റൂത്ത് വിൽറ്റിംഗും, ബെറ്റി ഓൾസനും ജനാല കർട്ടൻ പതിയെ മാറ്റി വെളിയിലേക്ക് നോക്കി. പെട്ടെന്ന് കാതടപ്പിക്കുന്ന ഒരു ശബ്ദം. അതോടെ ബോംബുകൾ മിഷൻ കോമ്പൗണ്ടിലേക്ക് തുരുതുരെ വന്നുവീണു. കെട്ടിടങ്ങൾ ഞെട്ടിവിറച്ചു നിലംപതിച്ചു. വെടിഉതിർത്തുകൊണ്ട് വിയറ്റ്നാം ഒളിപ്പോരാളികൾ കോമ്പൗണ്ടിലേക്ക് ഇരച്ചുകയറി. തന്റെ വാഹനം ഓടിച്ചു പുറത്തേക്ക് പോകാൻ ശ്രമിച്ച മൈക്ക് ബെൻഗേയെയാണ് അവർ ആദ്യം പിടികൂടിയത്.

വേദനയിൽ പുളയുന്ന തങ്ങളുടെ സഹപ്രവർത്തകരെ ശുശ്രൂഷിക്കാൻ നഴ്സുമാരായ റൂത്തും, ബെറ്റിയും ധൈര്യപൂർവ്വം മുറിയിൽ നിന്ന് പുറത്തേക്കിറങ്ങി. ഒരു നിമിഷം, വെടിയേറ്റ ഒരു കുഞ്ഞിനെ കോരിയെടുക്കാൻ ഒരുങ്ങിയ റൂത്ത് വിൽറ്റിംഗിന്റെ മാറിലേക്ക് മറ്റൊരു വെടിയുണ്ട തുളച്ചുകയറി. ക്രൂരതയുടെ ലോകത്തിൽ നിന്ന് അവൾ ഉടൻത

---

എന്ന സത്യമാണ്. ദൈവത്താൽ നയിക്കപ്പെടുന്ന ഒരു ഭവനം ദൈവികസഭയുടെ ചെറിയ ഒരു പതിപ്പാണ്. നാം താജ്മഹലിന്റെയോ, സ്റ്റാച്യു ഓഫ് ലിബേർട്ടിയുടെയോ ചെറിയൊരു മാതൃക കാണുമ്പോൾ അതിന്റെ ഏകദേശ രൂപം മനസ്സിലാക്കുന്നു. അപ്പോൾ അതു നേരിട്ട് പോയി കാണാനുള്ള ആഗ്രഹം മനസ്സിലുണ്ടാകും. അങ്ങനെതന്നെ മറ്റുള്ളവർ നമ്മുടെ ഭവനത്തിലെ അന്തരീക്ഷം കണ്ടിട്ട് സഭയിലേക്കു ആകർഷിക്കപ്പെടണം.

1 പത്രോസ് 3ന്റെ നാലിൽ പറയുന്നു: 'ഭാര്യമാർ സൗമ്യതയും സാവധാനമുള്ള മനസ്സുകൊണ്ട് തന്നെത്തന്നെ അലങ്കരിക്കണം, അത് ദൈവസന്നിധിയിൽ വിലയേറിയതാണ്'. ഇതേസമയം, സൗമ്യതയും താഴ്മയും തന്നിൽ നിന്നു പഠിക്കാൻ യേശു നമ്മോടു പറയുന്നു (മത്തായി 11:28,29).

സദൃശ്യവാക്യം 31:26 പറയുന്നു: "ദൈവഭക്തയായ സ്ത്രീയുടെ വായിൽനിന്ന് കരുണയുള്ള വാക്കുകൾ പുറപ്പെടുന്നു." ഒരു ഭാര്യയെന്ന നിലയിൽ നാമും നമ്മുടെ ഭർത്താവിനോട് ബഹുമാനത്തോടെ സംസാരിക്കുന്ന സ്വഭാവം വളർത്തിയെടുക്കണം. എപ്പോഴെങ്കിലും നാം ബഹുമാനമില്ലാതെയോ, രൂക്ഷമായോ ദൈവികമല്ലാത്ത രീതിയിലോ സംസാരിച്ചാൽ നാം ക്ഷമചോദിക്കേണ്ടതാണ്. മിക്കകുട്ടികളും അവരുടെ അമ്മമാരിൽ നിന്നാണ് മര്യാദയില്ലാതെ കഠിനമായി സംസാരിക്കാൻ പഠിക്കുന്നത്.

തുടരും

മൊഴിമാറ്റം: **റാണി**

ന്നെ അക്കരെ നാട്ടിലേക്കു പ്രവേശി ച്ചു.

റൂത്തിന്റെ ചലനമറ്റ ശരീരത്തിന് സമീപം വിറങ്ങലിച്ചു നിന്നുപോയ ബെറ്റിയെയും അവർ പിടികൂടി. മിഷ നറിമാരെ സഹായിച്ചു വന്നിരുന്ന റാഡേ ഗോത്രക്കാരായ വേലക്കാരെ തുടർന്ന് അവർ നിർദ്ദയം തോക്കിനി രയാക്കി.

ഹാൻക് ബ്ലഡിന്റെ ഭവനത്തി ലേക്ക് തള്ളിക്കയറിയ ഒളിപ്പോരാളി കളുടെ വെടിയേറ്റ് ഇളയകുഞ്ഞിന്റെ കാലിന് പരിക്കേറ്റു. ഹാൻക് ബ്ലഡിനെ അവർ കയ്യോടെ പിടി കൂടി. തന്റെ കുഞ്ഞുങ്ങളോടും ഭാര്യ യോടും യാത്ര ചോദിക്കുവാനുള്ള സമയം മാത്രമേ ഹാൻകിനു ലഭിച്ചു ള്ളു.

വിയറ്റ്നാമിലെ പുതുവർഷപ്പുലരി യിൽ ബെറ്റി ഓൾസനും, മൈക്ക് ബെൻഗേയ്ക്കും, ഹാൻക് ബ്ലഡിനും ലഭിച്ചത് വിലങ്ങുകളാണ്. ഒളിപ്പോ രാളികൾ അവരെ അമേരിക്കൻ ചാര ന്മാരെന്ന് മുദ്രകുത്തി ഏതോ ഒളി ത്താവളത്തിലേക്ക് കൊണ്ടുപോകു വാൻ തയ്യാറെടുത്തു. തങ്ങളുടെ അപഹർത്താക്കൾ തികച്ചും നിഷ്ഠൂ രന്മാരാണെന്ന് ബന്ധനസ്ഥരായ വർക്ക് അറിയാമായിരുന്നു.

ബെൻ മെത്ത് ഔട്ടിലെ മനുഷ്യ ക്കുരുതി നടക്കുന്ന വേളയിൽ ബെറ്റിക്ക് 34 വയസ്സ് തികഞ്ഞിരുന്നു. 'ക്രിസ്ത്യൻ ആൻഡ് മിഷനറി അല യൻസി'ന്റെ പ്രവർത്തകയായി അവൾ വിയറ്റ്നാമിൽ എത്തിയിട്ടു മൂന്ന് വർഷം തികഞ്ഞിരുന്നില്ല. മിഷ നറി ജീവിതം ബെറ്റിക്ക് ഒരു പുതിയ അനുഭവം ആയിരുന്നില്ല. എന്നാൽ അവൾ വിയറ്റ്നാമിൽ എത്തിയത് തന്റെ ജീവിതത്തിലെ ഏറ്റവും വലിയ ഒരു പ്രതിസന്ധിയിൽ നിന്നു ദൈവംതന്നെ എഴുന്നേല്പിച്ചു വ്യക്തമായ ഒരു കാഴ്ചപ്പാട് നല്കി യതുകൊണ്ട് മാത്രമായിരുന്നു!

ആഫ്രിക്കയിൽ സേവനമനുഷ്ഠി ച്ചിരുന്ന ഒരു മിഷനറി കുടുംബത്തി ലാണ് ബെറ്റി ജനിച്ചു വളർന്നത്. അവളുടെ ജീവിതത്തിലെ ഏറ്റവും വലിയ സന്തോഷമുള്ള നാളുകൾ അപ്പോഴായിരുന്നു. മാതാപിതാക്കൾ തന്നെ ഒറ്റയ്ക്കാക്കി ദൂരെ പോകു ന്നത് അവൾക്ക് ഇഷ്ടമായിരുന്നില്ല.

പക്ഷേ, എട്ടുവയസ്സുള്ളപ്പോൾ മാതാപിതാക്കൾ അവളെ അമേരിക്ക യിലുള്ള ഒരു ബോർഡിംഗ് സ്കൂളിൽ ആക്കി. ബോർഡിംഗിലെ ജീവിതം അവൾക്ക് ദുസ്സഹമായിരുന്നു. അവൾ ഏകാകിയും തന്റേടിയുമായി വളർന്നുവന്നു. അധ്യാപകരോടു കയർക്കുകയും അവരെ ധിക്കരിക്കു കയും ചെയ്യുന്നത് അവളുടെ സ്വഭാ വമായിരുന്നു. അവൾ ആരോടും ഹൃദ യംഗമായി അടുക്കുവാൻ ഭയപ്പെട്ടു. സ്നേഹത്തിന്റെ ഭദ്രത അനുഭവി ക്കാൻ കഴിയാതിരുന്നതിനാൽ അവളും ആരെയും സ്നേഹിക്കാൻ ഒരുമ്പെട്ടില്ല. ഈ സമയം മാതാവി നുണ്ടായ കാൻസർ രോഗം അവളെ കൂടുതൽ വിഷമത്തിലാഴ്ത്തി. പതി നേഴു വയസ്സ് എത്തുന്നതിന് മുൻപ് മാതാവിനെ അവൾക്ക് നഷ്ടപ്പെട്ടു. അവളുടെ ഹൃദയത്തിലെ ശൂന്യത കടുത്തതായി മാറി. തന്റെ ജീവിതംകൊണ്ട് ദൈവത്തിന് ഏതെ ങ്കിലും നിലയിൽ ഒരു പ്രയോജനം ഉണ്ടാകുമോ എന്നോർത്ത് അവൾ പലപ്പോഴും നിരാശപ്പെട്ടു. വിദ്യാ ഭ്യാസം ഒരുവിധം പൂർത്തിയാക്കി അവൾ ആഫ്രിക്കയിലേക്ക് മടങ്ങി. പിതാവിനോട് ഒന്നിച്ചു താമസിക്കു വാനുള്ള അതിയായ വാഞ്ഛയി ലാണ് അവൾ എത്തിയത്. എന്നാൽ പിതാവിന്റെ തിരക്കിട്ട പ്രവർത്തന ത്തിനിടയിൽ അവൾ ആഗ്രഹിച്ച

ലാളന ലഭിച്ചില്ല. മാത്രമല്ല, പിതാവിന്റെ പുനർവിവാഹത്തോടെ അവളുടെ ആശ്രയമായിരുന്ന ആ വാതിലും അടഞ്ഞു.

കടുത്ത നിരാശയോടെ അവൾ അമേരിക്കയിലേക്ക് മടങ്ങി. തന്റെ ബാല്യകാലമോഹമായിരുന്ന നഴ്സിംഗ് പരിശീലനത്തിനായി 1953ൽ ബ്രൂക്ക്ലിനിലെ ഒരു മെത്തഡിസ്റ്റ് ആശുപത്രിയിൽ ചേർന്നു. നഴ്സിംഗ് പൂർത്തിയാക്കി ഒരു മിഷനറി ആയിത്തീർന്നാൽ ഏകാന്തതയ്ക്ക് ഒരു ശമനം കിട്ടും എന്നവൾ കരുതി. അതിനായി അവൾ ഒരു ബൈബിൾ കോളജിൽ പഠനം ആരംഭിച്ചു. 1962ൽ പഠനം പൂർത്തിയാക്കിയ അവൾ, താൻ ഒരു പക്വമതിയായ മിഷനറി ആയിത്തീർന്നെന്നു കരുതി. തന്റെ ബാല്യകാലവിഹാര രംഗമായിരുന്ന ആഫ്രിക്കയിലേക്ക് അവൾ മടങ്ങി. പിതാവിനോടൊപ്പം പ്രവർത്തിക്കുവാൻ അവൾ ക്ക് ഒരു അവസരം ലഭിച്ചു. എന്നാൽ മിഷനറിമാരോടൊപ്പം ഒത്തുചേർന്ന് പോകാൻ കഴിഞ്ഞില്ല. പിതാവിനോടുണ്ടായിരുന്ന തന്റെ പകയും വിദ്വേഷവും അണപൊട്ടിയൊഴുകി. വീണ്ടും തന്റെ ജീവിതത്തിൽ മറ്റൊരു പ്രതിസന്ധി ഉടലെടുത്തു. ഇനിതാൻ ഒറ്റയ്ക്ക് എന്ന ബോധ്യത്തോടെ അവൾ അമേരിക്കയിലേക്ക് മടങ്ങി.

ജീവിതംകൊണ്ട് ഇനി ആർക്കും ഒരു പ്രയോജനം വരാനില്ല എന്നവൾ തന്നെക്കുറിച്ചു തന്നെ ചിന്തിച്ചു. ജീവിതം അവസാനിപ്പിക്കുന്നതായിരിക്കും ഭേദം എന്നുപോലും കരുതിയ ദിവസങ്ങൾ... കുടുത്ത നിരാശയിലായ അവൾക്ക് രൂപാന്തരം വരുത്തിയത് ബിൽഗോത്താർഡ് എന്ന ചെറുപ്പക്കാരനാണ്. ആത്മീക പക്വതയുടെയും അച്ചടക്കത്തിന്റെയും നല്ലൊരു ദൃഷ്ടാന്തമായിരുന്ന ആ ചെറുപ്പക്കാരന്റെ ജീവിതം അവളെ വെല്ലുവിളിച്ചു. ഗോത്താർഡിന്റെ സഹായത്തോടെ ജീവിതത്തിലെ പരാജയങ്ങളെ എല്ലാം ദൈവവചനത്തിന്റെ വെളിച്ചത്തിൽ ഒരു പുതിയ കാഴ്ചപ്പാടോടെ കാണുവാൻ അവൾക്ക് കഴിഞ്ഞു. ജീവിതം അവൾ പുതിയതായി ഒരു തവണ കൂടി ദൈവത്തിനു സമ്പൂർണ്ണമായി അർപ്പിച്ചു.

വിയറ്റ്നാമിൽ 'ക്രിസ്ത്യൻ ആൻഡ് മിഷനറി അലയൻസി'ന്റെ മിഷനറി ആയിപ്പോകുവാൻ ദൈവം അവൾക്ക് ആന്തരിക പ്രേരണ നല്കി. ആഭ്യന്തരയുദ്ധം കൊടുമ്പിരികൊണ്ടിരുന്ന ഒരു സ്ഥലത്തേക്കാണ് പോകുന്നതെന്ന് അവൾക്ക് അറിയാമായിരുന്നു. ഇനി സ്വന്തംനാട്ടിലേക്ക് ജീവിനോടെ മടങ്ങാൻ സാധിക്കുകയില്ല എന്ന പൂർണ്ണബോധ്യത്തോടെയാണ് അവൾ ആ തീരുമാനം എടുത്തത്.

പിന്നിട്ട ജീവിതത്തിന്റെ ഈ ഓർമകളുമായി വിലങ്ങണിഞ്ഞ കൈകളോടെ അപഹർത്താക്കളുടെ പിന്നാലെ ബെറ്റി നടന്നു. ഇപ്പോൾ തന്റെ ജീവിതം ദൈവരാജ്യത്തിന് മഹത്വം കരേറുവാൻ കാരണമായിത്തീരുമെന്ന് ഓർത്ത് അവൾ സന്തോഷിച്ചു. കൂടെയുണ്ടായിരുന്ന ഹാൻക് ബ്ലഡിനേയും, മൈക്ക് ബെൻഗേയെയും അവൾ ആശ്വസിപ്പിച്ചു. എന്നാൽ വളരെ പ്രതികൂലങ്ങൾ നിറഞ്ഞ ഘോരവനത്തിലൂടെയുള്ള യാത്രയും എന്തിനും മടിക്കാത്ത ഒളിപ്പോരാളികളോടു കൂടെയുള്ള സഹവാസവും ആരെയും തളർത്തിക്കളയുന്നതായിരുന്നു.

(തുടരും)

❖

YOUTH SECTION



## The Making of Peter the Disciple -VIII

# DISCIPLES MUST ALWAYS SET JESUS APART

Sandeep Poonen

The development of Peter as a disciple continues in Matthew 17:1-9 where Jesus is transfigured. His garments are radiantly white, and Elijah and Moses join Him. In shock, Peter cries out: "*Rabbi, it is good for us to be here; let us make three tabernacles, one for You, and one for Moses, and one for Elijah.*"

**There is no place for tabernacles alongside Jesus (Matthew 17:4)**

Moses represented the Law. Elijah represented the fearless Prophets. And now there was Jesus who came to fulfill the Law. Was this a nice 3-person triumvirate? NO!

**Moses brought and taught the Law. Elijah spoke as a Prophet. But Jesus alone LIVED OUT the Law and the Prophets**. Moses and Elijahwere extremely godly and were used greatly by God. But neither of them EMBODIED the Law or Prophets. They simply asked people to live up to that standard that God had given them to share. But they were fallible and had rather big failings of anger and discouragement.

Jesus however brought reality to (fulfilled) the Law and the Prophets (Matthew 5:17). Many can bring the message of the truth. But only a small fraction live it out. Moses and Elijah could not tell people to follow them. They were chosen by God to be bearers of His truth, but they were never the examples that Jesus was, and that is required under the New Covenant (like Paul – 1 Corinthians 11:1).

**The New Covenant (Agreement) is a "Follow Me"**

**agreement. The New Covenant is for those who are willing to follow Jesus in everything, and will live a life that others can follow as well**. **Sotrue disciples of Jesus do not seek to merely *BRING* the message of Jesus; they are passionate in *BEING* the message of Jesus**.

That is why we do not need a special ministry position. We all have 24 hours every day. And in our daily trials, we have opportunities to BE the message of Jesus in His kindness, His love, His purity, His righteousness, and His grace.

**Godly people embrace the cross – because of what's beyond the cross!**

In the same story described in Luke 9, Elijah and Moses were talking to Jesus about the cross and all that Jesus was going to accomplish with that (Luke 9:30-31). You can imagine Moses's and Elijah's excitement. First of all, they had the unique opportunity to talk with God face to face. And the Fahter had sent them to talk with Christ about the unspeakably bright future that was on the other side of the death of Jesus.

*And this is what Peter got wrong. He misunderstood the weight of Calvary's cross.*

Yes, three tabernacles of Jesus with Moses and Elijah would definitely shut up the Pharisees once and for all. But there would be a tremendous loss for eternity. This short-term validation of Jesus here on earth would have been disastrous for God's eternal plan. If Jesus didn't' go to the cross, billions would have been lost without hope and nobody could ever approach God as Father.So Peter's suggestion to build three tabernacleswas a disastrous idea.Jesus HAD to die so that we could become the righteousness of God (2 Corinthians 5:21).

Now what about our crosses? Do our earthly-bound minds misunderstand the eternal benefit of the afflictions and trials that God asks us to go through?

**It is good for us to be here (Matthew 17:4)**

Peter saw Moses and Elijah and a dazzling Jesus. This was heaven as far as Peter was concerned. How could it ever get more magnificent and glorious than that?

What about when we are at a most amazing Christian conference/ retreat? Or when the Word of God is being preached with a glorious anointing? And what if there's also glorious fellowship with other

men and women of God?Isn't that the perfect setting? Jesus dazzling before us, and all of Scripture gloriously magnifying Jesus?

**Is it not right to long for the perpetual atmosphere of mountain-top experiences with a dazzling Jesus and His saints???WRONG**! Peter was wrong in this line of thinking 2000 years ago and we would be wrong in this line of thinking today! These "mountain top" experiences are once-in-a-while events that are wonderful gifts given to us, amidst the normalcy of the vast majority of our lives. Sowhile we rejoice and praise God for these experiences, it is in fact, NOT GOOD for us to remain there.

Let me use an analogy to illustrate what I mean. "Pure air" consists of Nitrogen ($N_2$) at 78%, Oxygen ($O_2$) at about 21%, with mostly rare inert gases making up the remaining 1%.So even though oxygen is essential for us to breathe, it is a relatively small part of pure air. And it's actually NOT GOOD for our air to be all oxygen!

God in His wisdom has oxygen in a relatively small percentage because oxygen makes things combustible. The heat of the sunlight in an atmosphere of oxygen would cause dry wood to quickly catch fire and burn non-stop.

Here's the application for our spiritual beings. What is the equivalent of the pure air for our spiritual beings? Oxygen can be compared to our spiritual activities – things such as attending church, service opportunities to help others, listening to online sermons or Christian music, etc. So what then does the 78% of nitrogen equate to? I think it is the *normal, day-to-day circumstances of our lives*. This is the overall make-up of the "pure air" that God has given for us to breathe for our spiritual lives.

*(Maybe the "other" 1% are activities that fill in the gaps – like sleep!)*

Now this is important to recognize because we think that the air that we need to breathe for our spiritual beings should consist of at least 78% church, service opportunities, listening to online sermons or Christian music, etc. We think that if only we could spend most or all of our days on this, then we would be very spiritual. But we're wrong – that's not God has ordained it in His infinite wisdom.

Now it's not that all of these Christian activities are wrong or even unnecessary. No, like oxygen, many of these things are essential to help us to live holy lives. But a Christian life spent only on spiritual

activities is highly combustible. We will burn up spiritually because we will become theoreticians and people who have not been tested and tried. We will burn up spiritually and cause the ruin of others as well.

God has NOT meant for our lives to be lived in separation from the normal world and isolated from all temptations. Jesus specifically said that He did NOT ask that the disciples be taken out of this world (John 17:15). It is the normal, ordinary activities of our daily lives that correspond to the nitrogen of pure air. **The normal monotonous routine of our daily activities are the means by which God builds us up spiritually, primarily by building in us our faithfulness (i.e., lives *full* of *faith*)**.

**This is My beloved Son (Matthew 17:5)**

So how are we to live in the normalcy of every-day life? And how are we to live in the fires of trials and afflictions? We as Christians are not exempt from that. But we can live with an eternal and unshakeable hope if we see a revelation of Jesus Christ. Peter had worshiped Jesus as the Son of God, on the boat after Jesus had saved Him andh helped Him walk on water. But he forgot that and needed to be reminded of that. God gave Him a fresh revelation of Jesus as the Messiah (Matthew 16:16).

But Peter had now forgotten the special place that Jesus had. **Peter had already lost sight of what he had said just 6 days earlier – that the "Son of the Living God" was infinitely superior to all the greatest of Old Testament saints put together**. Peter had just confirmed (Matthew 16:14) that Jesus was not to be compared to any of the greatest Old Covenant saints. So how on earth could Peter now suggest three shrines (tabernacles), and thereby somehow equating Jesus to Moses and Elijah?And even if Peter was proposing that Jesus would have the biggest tabernacle, it's no different. No servant is ever comparable to a son. And no servant of God should ever be compared to the Son of God.**This was Peter's mistake**. He forgot the revelation that he had testified to in Matthew 16. Maybe it was because He was caught up with the fantastic experience – even greater than his walking on water. But whatever the reason, it was dead wrong. Jesus stood separate and completely higher from all who went before Him, and all who came after Him.

❖

# എഡിറ്റോറിയൽ തുടർച്ച ........

യപ്രകാരമുള്ള മനുഷ്യനെ'ന്ന് (പ്രവൃ.13:22 ഇംഗ്ലീഷ്) ദൈവംദാവീദിനെ വിശേഷിപ്പിച്ചതിൽ എന്തദ്ഭുതം?

കോരഹ് പുത്രന്മാർ മൂന്നാമതൊരു സാഹചര്യത്തെയാണ് അഭിമുഖീകരിക്കുന്നത്. 'നിന്റെ ദൈവം എവിടെ' എന്നു മറ്റുള്ളവർ നിത്യവും ഇടവിടാതെ പരിഹസിച്ചുചോദിക്കുകയും (42:3) 'അസ്ഥികളെ തകർക്കും വണ്ണം നിന്ദിക്കുകയും' (42:10) ചെയ്യുന്ന സന്ദർഭം. ഇതു മൂലം വിഷാദത്തിലേക്കും (42:5,6,11) സ്വയസഹതാപത്തിലേക്കും (42:3, 9) നിത്യമായി പതിച്ചു നശിച്ചു പോകാവുന്ന സാഹചര്യം. ഈ ഘട്ടത്തിൽ സങ്കീർത്തനക്കാരൻ തന്റെ ആത്മാവിനെ തട്ടിയുണർത്തി ദൈവത്തെ തന്നെ കാണുവാനും ദൈവത്തിൽ തന്നെ പ്രത്യാശ ഉറപ്പിക്കുവാനും തയ്യാറാവുകയാണ്. (42:2,11). 'ശുദ്ധഹൃദയം' തന്നെയാണ് ഇവിടെയും പ്രകടമാകുന്നത്.

ഹൃദയശുദ്ധിയുള്ളവർ ഏതു സാഹചര്യത്തിലും ദൈവത്തെ കാണും എന്നു പറയുമ്പോൾ മാനുഷിക കരങ്ങൾക്കു പുറകിൽ അവർ ദൈവാധിപത്യത്തെ കാണും എന്നു സാരം. ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള പുരുഷനായ (1.ശമു. 13:14) ദാവീദിന്റെ ജീവിതത്തിൽ നിന്ന് മറ്റൊരു രംഗം കാണുക: ദാവീദ് ഒട്ടേറെ ശത്രുക്കളെ നേരിട്ടിട്ടുണ്ടെങ്കിലും ഒരു പക്ഷേ സ്വന്തം മകനായ അബ്ശാലോം ഒരു കൊട്ടാരവിപ്ലവത്തിലൂടെ ദാവീദിനെ സിംഹാസനഭ്രഷ്ടനാക്കി അധികാരം പിടിച്ചതാകാം ജീവിതത്തിലെ ഏറ്റവും കറുത്ത അധ്യായങ്ങളിലൊന്ന്. മകനും കൂട്ടുകാരും രാജ്യം കീഴടക്കി ഹെബ്രോനിൽ നിന്നു തലസ്ഥാനമായ യെരുശലേമിലേക്കു വരുന്നെന്നറിഞ്ഞ് ദാവീദ് അടുത്ത അനുയായികളോടൊപ്പം കൊട്ടാരം വിട്ട് ഓടിപ്പോകുകയാണ്. 'തല മൂടിയും ചെരിപ്പിടാതെയും കരഞ്ഞുംകൊണ്ട്' അവർ ജീവൻ കയ്യിലെടുത്തു പിടിച്ചുകൊണ്ടു പലായനം ചെയ്യുമ്പോൾ ബഹുരീമിൽ എത്തിയപ്പോൾ ഇതാ ശൗലിന്റെ കുടുംബത്തിൽപ്പെട്ട ശിമെയി എന്നൊരുവൻ ദാവീദിനെതിരെ വരുന്നു.

ആ രംഗം ബൈബിളിൽ നിന്നു തന്നെ വായിക്കുക: "അവൻ ദാവീദിനെയും രാജഭൃത്യന്മാരെ ഒക്കെയും കല്ലുവാരി എറിഞ്ഞു. ശിമെയി ശപിച്ചുകൊണ്ട് ഇവ്വണ്ണം പറഞ്ഞു. രക്തപാതക, നീചാ, പോ, പോ. ശൗൽ ഗൃഹത്തിന്റെ രക്തം യഹോവ നിന്റെ മേൽ വരുത്തിയിരിക്കുന്നു. അവനു പകരമല്ലോ നീ രാജാവായത്. യഹോവ രാജത്വം നിന്റെ മകനായ അബ്ശാലോമിന്റെ കയ്യിൽ ഏല്പിച്ചിരിക്കുന്നു. നീ രക്തപാതകനായിരിക്കയാൽ ഇപ്പോൾ ഇതാ നിന്റെ ദോഷത്തിന്റെ ഫലം നിനക്കു വന്നുഭവിച്ചിരിക്കുന്നു." (2 ശമു.16:6 –8).

ആരും പ്രകോപിതരായി തീരാവുന്ന ഒരു സന്ദർഭം. ദാവീദിനോടൊപ്പമുണ്ടായിരുന്ന സെരൂയയുടെ മകൻ അബീശായിയും ക്ഷോഭത്തോ

ടെയാണു പ്രതികരിച്ചത്. അബീശായി ദാവീദിനോടു പറഞ്ഞു: “ചത്ത നായെ പ്പോലെയുള്ള ഇവൻ എന്റെ യജമാനനായ രാജാവിനെ ശപിക്കാൻ ആരാണ്? ഞാൻ ഒറ്റവെട്ടിന് ഇവന്റെ കഥ കഴിച്ചോട്ടെ.”

ഇവിടെ ദാവീദിന്റെ മറുപടിയാണു ശ്രദ്ധേയം. ദാവീദ് പറയുന്നു: “അവൻ ശപിക്കട്ടെ. ദാവീദിനെ ശപിക്ക എന്നു യഹോവ അവനോടു കല്പിച്ചിരിക്കുന്നു. പിന്നെ നീ ഇങ്ങനെ ചെയ്യുന്നത് എന്തെന്ന് ആർ ചോദിക്കും? അവനെ വിടുവിൻ. അവൻ ശപിക്കട്ടെ. യഹോവ അവനോടു കല്പിച്ചിരിക്കുന്നു. പക്ഷേ യഹോവ എന്റെ സങ്കടം നോക്കി ഇന്നത്തെ ഇവന്റെ ശാപത്തിനു പകരം എനിക്ക് അനുഗ്രഹം നൽകും.” (16:10-12)

ദാവീദിന്റെ മനോഭാവം കണ്ടോ? ജീവിതത്തിലെ ഏറ്റവും സങ്കടകരമായ ഒരു സന്ദർഭത്തിൽ അപരിചിതനായ ഒരുവൻ പ്രത്യേകിച്ച് ഒരു കാരണവും കൂടാതെ പരസ്യമായി തന്നെ അധിക്ഷേപിക്കുകയും ശപിക്കുകയും ചെയ്യുന്നു. പക്ഷേ ഈ രംഗത്തു ദാവീദ് തന്നെ പരിഹസിക്കുകയും പൂഴിവാരി എറിയുകയും ചെയ്യുന്ന ശിമെയിയെയല്ല കാണുന്നത്; മറിച്ചു ദൈവത്തെയാണ്. അബീശായിയോടുള്ള ഹ്രസ്വമായ മറുപടിയിൽ ദാവീദ് മൂന്നുവട്ടമാണ് യഹോവയെക്കുറിച്ചു പരാമർശിക്കുന്നത്. തന്നെ തകർക്കാൻ ദൈവം ഒരുക്കിയ സാഹചര്യം. അതിന് ഉപകരണമായവനെയല്ല ദാവീദ് ഇവിടെ കാണുന്നത്; മറിച്ച് ദൈവത്തെയാണ്. ‘ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ഏതു സാഹചര്യത്തിലും ദൈവത്തെ കാണും’ എന്നത് എത്ര വാസ്തവം!

നാം ദൈവത്തിന്റെ കരങ്ങൾ കണ്ടാൽ ദാവീദിനെപ്പോലെ നമുക്കും ഉപദ്രവിക്കുന്നവരോടു ക്ഷമിക്കുവാനും അവരെ വെറുതെ വിടുവാനും കഴിയും. തന്നെ ശപിച്ച ശിമെയിയെ ഇവിടെ ദാവീദു വെറുതെ വിടുകയാണ്. പിന്നീട് അബ്ശാലോമിന്റെ വധത്തിനുശേഷം ജയാളിയായി യെരുശലേമിലേക്കു മടങ്ങി വരുമ്പോൾ തന്നെ വന്നു കണ്ടു ക്ഷമ പറഞ്ഞ ശിമെയിയോടു മഹാമനസ്കതയോടെ പെരുമാറാനും ദാവീദിനു കഴിഞ്ഞു. (2ശമു.19:18). എന്നാൽ നിർഭാഗ്യവശാൽ ജീവിതാന്ത്യം വരെ ദാവീദിനു ശിമെയിയോട് ഈ മനോഭാവം സൂക്ഷിക്കാൻ കഴിഞ്ഞില്ല (1.രാജാ.2:8-10, 36-46 വായിക്കുക). പക്ഷേ, ദാവീദ് ഒരു പഴയ നിയമഭക്തനായിരുന്നുവെന്ന് ഓർക്കണം. ‘പിതാവേ ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്കകൊണ്ട് ഇവരോടു ക്ഷമിക്കേണമേ’എന്ന് ജീവിതാന്ത്യത്തിലും പ്രാർത്ഥിച്ച യേശുവിന്റെ ജീവിതമാതൃക ദാവീദിന്റെ മുൻപിൽ ഉണ്ടായിരുന്നില്ല. പരിശുദ്ധാത്മാവിന്റെ സഹായം പഴയനിയമത്തിൽ ഇന്നത്തെ നിലയിൽ ലഭ്യമായിരുന്നില്ല. ഇന്ന് ‘ദൈവത്തിന്റെ സ്നേഹം നമുക്കു നൽകപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ.’ (റോമർ 5:5). ഉവ്വ്, എവിടെയും ദൈവാധിപത്യം കാണാൻ പുതിയ ഉടമ്പടിയിൽ നമുക്ക് ഇന്നുള്ള ഉതവികൾ പഴയ ഉടമ്പടിയിലെ ദൈവഭക്തന്മാർക്ക് അന്യമായിരുന്നു.

പഴയനിയമത്തിലെ ശ്രദ്ധേയനായ മറ്റൊരു ദൈവഭക്തൻ ഇയ്യോബ് തന്റെ ജീവിതത്തിലെ മനസ്സിലാക്കാനും വിശദീകരിക്കാനും സ്വാഭാവികമായി പ്രയാസമുള്ള പ്രതികൂല സാഹചര്യത്തിനു മുൻപിൽ അവിടെ ദൈവകരങ്ങളെ

കണ്ടതും നാം ഓർത്തുപോകും. ഇയ്യോബിന്റെ സമ്പത്തും മക്കളും എല്ലാം നഷ്ടപ്പെട്ട രംഗമാണത്. താൻ അതുവരെ നേടിയതെല്ലാം പ്രാതികൂല്യത്തിന്റെ കൊടുങ്കാറ്റിനു മുൻപിൽ ഒരു ചീട്ടുകൊട്ടാരം പോലെ തകർന്നടിഞ്ഞപ്പോൾ ഇയ്യോബിനോട് ഭാര്യ തന്നെ പറയുന്നു: 'നീ ഇനിയും നിന്റെ ഭക്തി മുറുകെ പിടിച്ചുകൊണ്ടിരിക്കുന്നുവോ? ദൈവത്തെ ത്യജിച്ചു പറഞ്ഞു മരിച്ചുകളക.' ഇവിടെ ഇയ്യോബിന്റെ മറുപടി ഇങ്ങനെ:'ഒരു പൊട്ടി സംസാരിക്കുന്നതുപോലെ നീ സംസാരിക്കുന്നു. നാം ദൈവത്തിന്റെ കയ്യിൽ നിന്നു നന്മ കൈക്കൊള്ളുന്നു. തിന്മയും കൈക്കൊള്ളരുതോ എന്നു പറഞ്ഞു.'(ഇയ്യോബ് 2:10)

ഇവിടെ സ്വാഭാവികമായും നമുക്കൊരു സംശയം വരാം-ദൈവത്തിന്റെ പക്കൽ തിന്മയുണ്ടോ? നന്മയല്ലാത്ത, നമുക്കു തിന്മയായി തോന്നുന്ന ഒരു സാഹചര്യം ദൈവത്തിൽ നിന്നു വരുമോ? ശരിയാണ്, ദൈവത്തിന്റെ പക്കൽ തിന്മയായി, നിഷേധാത്മകമായ (negative) ഒന്നുമില്ല. അവനിൽ 'ഉവ്വ്' എന്നത്രേയുള്ളൂ (2 കൊരി. 1:19). 'വെളിച്ചങ്ങളുടെ പിതാവിങ്കൽ എല്ലാ നല്ല ദാനവും തികഞ്ഞവരവും' മാത്രമേയുള്ളൂ (യാക്കോ.1:17). സാത്താനാണ് ഇയ്യോബിനെ പരീക്ഷിച്ചതും തിന്മയായതെല്ലാം നൽകിയതും. എന്നാൽ ദൈവം അനുവദിക്കാതെ ഈ പ്രപഞ്ചത്തിൽ ഒരു ചെറിയ കാര്യം പോലും സംഭവിക്കുന്നില്ലല്ലോ. ആ അർത്ഥത്തിലാണ് ദൈവത്തിന്റെ പക്കൽനിന്ന് തിന്മ കൈക്കള്ളരുതോ എന്നുപറഞ്ഞിരിക്കുന്നത്. (മീഖ 1:12 ഉം കാണുക) സഭയിൽ മാത്രമല്ല പ്രപഞ്ചത്തിൽ എവിടെയും ദൈവാധിപത്യം (Theocracy) ആണു പുലരുന്നത്.

ഈ ദൈവാധിപത്യത്തെക്കുറിച്ച് നമുക്ക് തലച്ചോറിൽ അറിയാമെങ്കിലും പലപ്പോഴും ജീവിതസാഹചര്യങ്ങളിൽ അതു കാണുവാനും തിരിച്ചറിയുവാനും കഴിയാതെ നമ്മുടെ വിശ്വാസത്തിന്റെ കാഴ്ചമങ്ങിപ്പോകാം. യേശുഭൂമിയിലായിരുന്നപ്പോൾ 'ഇത്രവലിയ വിശ്വാസം' എന്നു ശ്ലാഘിച്ചതു രണ്ടു പേരുടെ വിശ്വാസത്തെക്കുറിച്ചാണ്. ഒന്ന്: തന്റെ ബാല്യക്കാരന്റെ സൗഖ്യത്തിനായി സമീപിച്ച ശതാധിപന്റെ വിശ്വാസം (മത്തായി 8:10). രണ്ട്: തന്റെ മകളെ സൗഖ്യമാക്കണമെന്ന് അപേക്ഷിച്ച കനാന്യസ്ത്രീയുടെ വിശ്വാസം (മത്താ. 15:28). ഇതിൽ, അധികാരമുള്ളവൻ കല്പിക്കുന്നതിനനുസരിച്ചാണു ചെറുതും വലുതുമായ ഏതുകാര്യവും നടക്കുന്നതെന്നുചൂണ്ടിക്കാട്ടി ശതാധിപൻ എവിടെയും ദൈവത്തിന്റെ പരമാധികാരമാണു പുലരുന്നതെന്നു വ്യക്തമാക്കിയപ്പോഴാണ് (മത്താ. 8:9), കർത്താവ് 'യിസ്രായേലിൽകൂടി ഇത്രവലിയ വിശ്വാസം കണ്ടിട്ടില്ല' എന്നു പറഞ്ഞത്. അതുപോലെ കനാന്യസ്ത്രീയും ഉടയവന്റെ മേശയിൽ നിന്നാണു മക്കൾക്കുതൃപ്തി വരുന്നതും ആ മേശയിൽനിന്നു വീഴുന്ന അപ്പനുറുക്കുകളാണ് നായ്ക്കുട്ടികളുടേയും വിശപ്പടക്കുന്നതും എന്ന് ദൈവത്തിന്റെ പരമാധികാരത്തെ പരാതിയില്ലാതെ അംഗീകരിച്ചപ്പോഴാണ് (മത്താ.15:26,27) യേശു 'സ്ത്രീയേ നിന്റെ വിശ്വാസം വലിയത്' എന്ന് അഭിനന്ദിച്ചതെന്ന് ഓർക്കുക.

ദൈവത്തിന്റെ പരമാധികാരത്തെ ഏതു സാഹചര്യത്തിലും കാണുമ്പോൾ

ഒരളവിൽ നാം ദൈവത്തെ തന്നെയാണു കാണുന്നത്. ദൈവത്തെ ദൈവമായി, കാണേണ്ടതുപോലെ കണ്ടാൽ നാം നമ്മുടെ സ്വയബലം തകർന്ന് നുറുങ്ങപ്പെട്ടവരായിത്തീരും. മോശയുടെ അനുഭവനം ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ്. മോശെ മിസ്രയീമ്യരുടെ സകലജ്ഞാനവും അഭ്യസിച്ചു വാക്കിലും പ്രവൃത്തിയിലും സമർത്ഥനും ശക്തനുമായിരുന്നു (പ്രവൃത്തി 7:22). എന്നാൽ മുൾപ്പടർപ്പിൽ ദൈവം പ്രത്യക്ഷത കണ്ടപ്പോൾതന്നെ അവൻ സ്വയബലം വലിയൊരളവിൽ തകർന്നവനായാണു നില്ക്കുന്നത്. ഒരു കാലത്ത് വാക്കിലും പ്രവൃത്തിയിലും സമർത്ഥനായിരുന്നവൻ ഇപ്പോൾ താൻ വാക്സാമർത്ഥ്യം ഉള്ളവനല്ലെന്നും കഴിവുള്ളവനല്ലെന്നും ആത്മാർത്ഥതയോടെ പറയുന്നു. (പുറ.4:10,13). ഈ മോശെ പിന്നീടു ദൈവത്തെ മുഖാമുഖമായി കാണാൻ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ ദൈവം തന്നെ പറയുന്നു: "ഒരു മനുഷ്യനും എന്നെ കണ്ടു ജീവനോടെ ഇരിക്കയില്ല" (പുറ.33:20).

ദൈവത്തെ ജീവിതസാഹചര്യങ്ങളിലൂടെ യഥാർത്ഥത്തിൽ കണേണ്ടതുപോലെ കണ്ടാൽ നാം നുറുങ്ങിപ്പോകും. സ്വയബലം തകർന്നവരായിത്തീരും-ഈസത്യമാണ് 'ഒരു മനുഷ്യനും എന്നെ കണ്ടു ജീവനോടെ ഇരിക്കയില്ല' എന്ന വാക്കുകളിൽ പ്രതിധ്വനിക്കുന്നത്. യഥാർത്ഥത്തിൽ ഈ നിലയിൽ തകർക്കപ്പെട്ട ഒരുവൻ ഏതു സാഹചര്യത്തിലും ദൈവത്തിന്റെ കരങ്ങൾ കാണത്തക്കവണ്ണം ഹൃദയശുദ്ധിയുള്ളവനായിരിക്കും.

'ഹൃദയശുദ്ധിയുള്ളവർ ദൈവത്തെ കാണും' എന്നതു വാസ്തവമാണ്. അതേ സമയം ഇതു തിരിച്ചും പറയാം: 'ദൈവത്തെകണ്ടവർ ഹൃദയശുദ്ധിയുള്ളവരാണ്'. ഇവ പരസ്പര പൂരകങ്ങളാണ്. ദൈവത്തെ കണ്ടവർ, നുറുങ്ങിയവർ സ്വയത്തിന്റെ കൂടിച്ചേരലില്ലാത്തവരായി ലോകമൂല്യങ്ങൾ നൽകുന്ന സ്വയബലത്തിന്റെ കലർപ്പില്ലാത്തവരായി ഹൃദയശുദ്ധിയുള്ളവരായിത്തീരും. അവർ ഇങ്ങനെ ഹൃദയശുദ്ധിയുള്ളവരാകുന്തോറും ജീവിതസാഹചര്യങ്ങളിൽ ദൈവത്തെ കൂടുതൽ കാണാൻ തുടങ്ങും. ദൈവത്തെ കൂടുതൽ കാണുന്തോറും അവർ കൂട്ടുതൽ ഹൃദയശുദ്ധിയുള്ളവരാകും..... ഇങ്ങനെയിങ്ങനെ ഇതൊരു ചക്രം പോലെ മുന്നോട്ടു പോകുകയാണ്.

ദൈവത്തെയും അവിടുത്തെ പരമാധികാരത്തെയും കൂടുതൽ കാണുന്തോറും ഹൃദയശുദ്ധിയുള്ളവരാകുവാനും ഹൃദയശുദ്ധി വർദ്ധിച്ചുവരുന്തോറും ജീവിത സാഹചര്യങ്ങളിൽ ജൈവത്തെയും അവിടുത്തെ പരമാധികാരത്തെയും കൂടുതൽ കാണുവാനും ദൈവം നമുക്ക് ഇടനൽകട്ടെ. അപ്പോൾ നാം നെബുഖദ്നേസറിനെപ്പോലെ തിരിച്ചറിയും: 'അവന്റെ ആധിപത്യം എന്നേക്കുമുള്ള ആധിത്യവും അവന്റെ രാജ്യത്വം തലമുറതലമുറയായുള്ളഥും അല്ലോ.... അവന്റെ കൈ തടുപ്പാനോ നീ എന്തുചെയ്യുന്നു എന്നു അവനോടു ചോദിപ്പാനോ ആർക്കും കഴിയുകയില്ല' (ദാനിയേൽ 4:34,35). അപ്പോൾ നാം സങ്കീർത്തനക്കാരനെപ്പോലെ മൂന്നുവട്ടം ഏറ്റുപറയും: 'യഹോവ വാഴുന്നു', 'യഹോവ വാഴുന്നു', 'യഹോവ വാഴുന്നു' (സങ്കീ. 93:1, 97:1, 99:1) ആമേൻ.

❖

Thought for the month

# THE PARABLE OF THE CHAIR AND THE TREE

**Santosh Poonen**

*"That you, being rooted and grounded in love, may be able to comprehend with all the saints what is the breadth and length and height and depth, and to know the love of Christ which surpasses knowledge, that you may be filled up with all the fullness of God" (Ephesians 3:17-19).*

Paul is an amazing example! He wrote this letter to the church in Ephesus while he was in prison in Rome. And to make matters worse, the reason he was in prison was for their sake (*Ephesians 3:13*). Yet, Paul, in the midst of his suffering, tells the Ephesians who are in their comfortable homes to not lose heart! God needs people like Paul today, who have the heart of a father, who realize that to truly know the extent of God's love for us, we have to be "rooted and grounded in love with all the saints" (v17-19).

Consider what it means to be rooted and grounded. I have some chairs sitting in the yard outside my house. I was looking out the window one day, and noticed that the wind had blown one of those chairs into my neighbor's compound. I went and picked up the chair and brought it inside. But, I wasn't very surprised, because it can get quite windy near my house. I also have some trees in my yard. Imagine if one day I looked out and saw that one of those trees had been blown into my neighbor's compound! That would be completely unexpected, and quite a shock – much more than just seeing a chair blown away by the wind. The difference is that the tree is **rooted and grounded**, but the chair is not.

The same applies in the church today. Some people have the attitude of a chair toward fellowship in a local church. They never allow the Holy Spirit to knit their hearts in love with others in the church, because that is inconvenient and requires self-denial. Instead, they'll attend church meetings at their convenience, refusing to die to themselves, until they eventually get offended over something and leave. They will then find another congregation that suits their convenience, until they get offended there too. So, they move from place to place, like a chair blown in the wind! This is a tragedy indeed, because such people can never come to the full realization of God's love. On the other hand, every seed that falls into the ground and dies, will take root, and bear much fruit (John 12:24).

Is there insecurity in your life because you are unsure of how much God loves you (*Ephesians 3:18-19a*)? Are you defeated by lust, anger, complaining, etc., in your private life because you are not filled up to all the fullness of God (*v19b*). Then ask God to root you and ground you in love with your fellow brothers and sisters in your local church – especially those who you think are hard to love.

If we are honest, we will acknowledge that we cannot manufacture such a love for our brothers and sisters. But, if we come to God in sincere faith, He will create an exceedingly abundant powerful love working within us which will be beyond what we had even asked or thought (v20).

This is how Jesus is building His Church (Ephesians 4:12, 5:32). Since it such a high calling be part of Christ's own Body, let us walk worthy of it by pouring ourselves out in love toward others in the church, always seeking the way of peace with them (Ephesians 4:2-3).

**JEEVA MOZHIKAL** RNI/KERBIL/-2003/21404
**August 2017** www.jeevamozhikal.org
Annual Subscription Rs. 100/-

**Registered No: KL/KTM/46/2015-17**
Licence No.KL/CR/KTM/WPP-48/2015-17
Licensed to post without prepayment
Date of Publication 28-07-2017

# അറിഞ്ഞതും അറിയാതിരുന്നതും

ജോസഫ് വളരെ വർഷങ്ങൾക്കുശേഷമാണു തന്റെ കൂടെ പണ്ടു സ്കൂളിൽ പഠിച്ചിരുന്ന രാമചന്ദ്രനെ കാണുന്നത്. കാണുമ്പോൾ രാമചന്ദ്രൻ ഏറ്റവും പുതിയ ഒരു മേഴ്സിഡസ് ബെൻസ് കാർ സ്വയം ഓടിച്ചുകൊണ്ടുപോകുന്നു. പഴയ ഒരു ഫിയറ്റു കാർ മാത്രം ഉള്ള ജോസഫിനു വലിയ വിഷമമായി. താൻ ഒരു പരാജയമായിപ്പോയല്ലോ എന്നു ദുഃഖിച്ചു ജോസഫ് സ്വയം പഴിച്ചു.

ജോസഫ് അറിയാതിരുന്ന ഒരു വസ്തുതയുണ്ട്. രാമചന്ദ്രൻ ഒരു ഡ്രൈവർ മാത്രമായിരുന്നു. അവന്റെ ബോസ് ഒരത്യാവശ്യത്തിന് തന്റെ കാർ രാമചന്ദ്രനെ കയ്യിൽ കൊടുത്ത് ഒരു സ്ഥലത്തേക്ക് അയച്ചപ്പോഴാണു ജോസഫ് അവനെ കണ്ടത്.

സുനിതയ്ക്ക് തന്റെ ഭർത്താവ് ഷാജിയെക്കുറിച്ചുള്ള പരാതി, തന്നെ ഓഫീസിൽ കാറിൽ കൊണ്ടുവിടുമ്പോൾ  അവിടെ ചെന്നു നിർത്തിയശേഷം ഇറങ്ങി വന്നു ഡോർ തുറന്നു തരുന്നില്ല എന്നതിലായിരുന്നു. അതേസമയം ഓഫീസിലെ റോസ്മേരിയുടെ ഭർത്താവിനെ നോക്കൂ. അദ്ദേഹം കാർ നിർത്തി വെളിയിലിറങ്ങി റോസ്മേരിക്ക് ഇറങ്ങാൻ അവളുടെ വാതിൽ തുറന്നു കൊടുക്കും. 'മനുഷ്യനായാൽ ഇങ്ങനെ സ്നേഹം വേണം' - സുനിത എപ്പോഴും ഷാജിയെ കുറ്റപ്പെടുത്തും.

സുനിത അറിയാതിരുന്ന ഒരു വസ്തുതയുണ്ട്. റോസ്മേരിയുടെ കാറിന്റെ ആ ഡോറിന് ഒരു കുഴപ്പമുണ്ട്. പുറത്തുനിന്ന് ആരെങ്കിലും ഡോർ തുറന്നു കൊടുത്താലേ റോസ്മേരിക്ക് ഇറങ്ങാൻ കഴിയൂ.

ജെയിൻ വളരെനാൾ കൂടി കൂട്ടുകാരിയെ സന്ദർശിച്ചപ്പോൾ അവളുടെ മുറ്റത്ത് സുന്ദരന്മാരായ മൂന്ന് ആൺകുട്ടികൾ ഓടിക്കളിക്കുന്നു. ജെയിനിനു വലിയ പ്രയാസമായി തനിക്ക് ആകപ്പാടെ ഒരു മകൾ മാത്രമേയുള്ളൂ.

ജെയിൻ അറിയാതിരുന്ന ഒരു വസ്തുതയുണ്ട്. ഈ മൂന്ന് ആൺകുട്ടികളിൽ ഒന്നുമാത്രമാണു കൂട്ടുകാരിയുടേത്. ആ കുഞ്ഞിനാണെങ്കിൽ ഒരു ജനിതക വൈകല്യം ഉള്ളതുകൊണ്ട് അഞ്ചു വയസ്സിൽ കൂടുതൽ ജീവിച്ചിരിക്കില്ലെന്നു ഡോക്ടർമാർ പറഞ്ഞിരിക്കുന്നു. മറ്റു രണ്ടു കുട്ടികൾ കൂട്ടുകാരിയുടെ ബന്ധു പെട്ടെന്നു നാട്ടിൽ പോയപ്പോൾ അവിടെ നിർത്തിയിട്ടുപോയതാണ്.

സന്തോഷം എന്നു പറയുന്നത് എല്ലാം സ്വന്തമായുള്ളതല്ല. ഉള്ളതിൽ സന്തോഷം കണ്ടെത്തുന്ന മനസ്സിന്റെ അവസ്ഥയാണ്.

മനുഷ്യൻ കണ്ണു കൊണ്ടു കാണുന്നതു പോലെ വിധിക്കുന്നു. എന്നാൽ 'യഹോവയോ ഹൃദയങ്ങളെ തൂക്കി നോക്കുന്നു'.

"സന്തുഷ്ടഹൃദയം നല്ലൊരു ഔഷധമാകുന്നു; തകർന്ന മനസ്സോ അസ്ഥികളെ ഉണക്കുന്നു" (സദൃശ 17:22).

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor-Geoji T. Samuel.